Reg.No.12582/11-1-2005

പുസ്തകം 4
ലക്കം 8
2014 ജനുവരി-ഫെബ്രുവരി

# വിദ്യുത് തരംഗം

# VIDYUT THARANGAM

OFFICIAL ORGAN OF KERALA ELECTRICITY EMPLOYEES' CONFEDERATION. INTUC

മാനേജിംഗ് എഡിററർ
**കെ.പി.ധനപാലൻ എം.പി.**
♦
ചീഫ് എഡിററർ
**സിബിക്കുട്ടി ഫ്രാൻസിസ്**
♦
കോ-ഓർഡിനേററർ
**എ. ഷാജി**
♦
എഡിററർ
**മനു**
♦
കവർ, ലേ ഔട്ട്
**വി. എസ്. സിന്ധു**
♦
**വാർഷിക വരിസംഖ്യ**
**100 രൂപ**
♦

വിലാസം
വി.പി.മരയ്ക്കാർ സ്മാരകമന്ദിരം
അംബുജവിലാസം റോഡ്
വഞ്ചിയൂർ, തിരുവനന്തപുരം-695001
ഫോൺ 0471-2471087
email:keecintuchq@gmail.com
www.intuckeec.com

## ഉള്ളടക്കം

2
ഇടതു വഞ്ചനയ്ക്കെതിരെ പ്രതികരിക്കുക

3
ഇനി രാഹുൽ മാജിക്

5
വികസനത്തിനും സുസ്ഥിരതയ്ക്കും യു.പി.എ.

7
ഭാവിയിലേക്കൊരു കുതിപ്പ്

9
യു.ഡി.എഫിന്റെ 1000 ദിനങ്ങൾ

13
കേന്ദ്രം കേരളത്തിന് നൽകിയത് 69,408 കോടി

16
ഓരോ സംസ്ഥാനത്തിനും ഓരോ പ്രധാനമന്ത്രി
മനു

18
വൈദ്യുതി ഉപയോഗം റെക്കോർഡിൽ
1000 മെഗാവാട്ടിന്റെ കുറവു നികത്തുക വെല്ലുവിളി

19
പാർട്ടി സ്കൂളിൽ മൻമോഹന് കയ്യടി

21
ജീവനക്കാർക്കുവേണ്ടി



# ഇടത് വഞ്ചനയ്ക്കെതിരെ പ്രതികരിക്കുക

**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ ഭരണം തുടർന്നും ആര് നടത്തണമെന്ന് തീരുമാനിക്കുന്ന തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നു. ഇന്ത്യയ്ക്ക് 1947-ൽ സ്വാതന്ത്ര്യം ലഭിച്ചതിനൊപ്പവും അതിനുശേഷവും സ്വാതന്ത്ര്യം പ്രാപിച്ച പല രാജ്യങ്ങളിലും ഒന്നുകിൽ ഏകാധിപത്യം അല്ലെങ്കിൽ പട്ടാളഭരണം നിലവിൽ വന്നു. ഇന്ത്യയിൽ ഇപ്പോഴും ജനാധിപത്യം അതിന്റെ മുഴുവൻ അർത്ഥത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. നാളിതുവരെ ജനാധിപത്യം കാത്തു സൂക്ഷിക്കപ്പെട്ടത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സുരക്ഷിതമായ കൈകളിലാണ്. ഇക്കാലയളവിനുള്ളിൽ വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പഞ്ചവത്സര പദ്ധതികൾ, ഹരിത വിപ്ലവം, ദേശീയ തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യസുരക്ഷാബിൽ, വിവരാവകാശ നിയമം തുടങ്ങിയതൊക്കെ ഇക്കാലയളവിൽ പ്രാവർത്തികമാക്കിയിട്ടുള്ളതാണ്. ശാസ്ത്ര സാങ്കേതിക രംഗത്ത് നാം കൈവരിച്ച നേട്ടം ലോകരാജ്യങ്ങളെ ഞെട്ടിക്കുന്നതാണ്. പല കാര്യത്തിലും ലോകത്ത് 5-ാം സ്ഥാനമാണ് ഇന്ത്യയ്ക്ക്. ഒരു കാലഘട്ടത്തിൽ ലോകം മുഴുവൻ കീഴടക്കിയിരുന്ന ബ്രിട്ടൺ പോലും ഇന്ത്യയ്ക്ക് പിന്നിലാണ്. സ്വാതന്ത്ര്യത്തിനു ശേഷം അഞ്ചുവർഷം പൂർത്തിയാക്കാൻ സാധിച്ച കോൺഗ്രസിതര സർക്കാർ ഒന്നു മാത്രമേയുള്ളു.

കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണിക്കെതിരെ രാജ്യമെമ്പാടും ഭീഷണി ഉയർത്തുന്നത് ബി. ജെ. പി നേതൃത്വം നൽകുന്ന പ്രതിലോമശക്തികളാണ്. മതേതരത്വത്തിനും ഇവർ എന്നും ഭീഷണിയാണ്. കോൺഗ്രസ് മുന്നണിയെ പരാജയപ്പെടുത്തുന്നതിനുവേണ്ടി ബദൽ മുന്നണിയെന്ന പരാജയപ്പെട്ട വികല മുദ്രാവാക്യവുമായി ഇടതുപക്ഷം വീണ്ടും ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. എന്നാൽ ഈ പുറപ്പാടിൽ അവരുടെ ഇടത് മുന്നണി തന്നെ തകർന്നുകൊണ്ടിരിക്കുകയാണ്. സ്വന്തമായി സ്ഥാനാർത്ഥികൾ ഇല്ലാത്ത സ്ഥിതിയിലാണ് ഇവിടുത്തെ ഇടതുപക്ഷ മുന്നണി.

അടുത്ത പൊതു തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടി ഭരണത്തിൽ വരേണ്ടത് ഇന്ത്യൻ ജനതയുടെ ആവശ്യമാണ്. ജനാധിപത്യത്തിന്റെ സുരക്ഷയ്ക്ക് അത്യാവശ്യമാണ്. വൈദ്യുതി ബോർഡ് ജീവനക്കാർ തെരഞ്ഞെടുപ്പിൽ സ്വന്തം അനുഭവങ്ങൾ വിലയിരുത്തി പ്രതികരിയ്ക്കുവാൻ തയ്യാറാവണം. കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിൽ സ്റ്റാഗ്നേഷൻ ഏർപ്പെടുത്തിയത് ഇടത് സർക്കാരാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ പരിഷ്ക്കരണം നടന്നപ്പോൾ യു പി എ സർക്കാർ സ്റ്റാഗ്നേഷൻ എടുത്തുകളഞ്ഞു. വിവിധ സംസ്ഥാനങ്ങൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും മാതൃകയായിട്ടുള്ള ഒരു പരിഷ്കരണമാണ് കേന്ദ്രത്തിൽ നടപ്പാക്കിയത്. ഡി. എ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും കൃത്യസമയത്ത് നൽകുവാനും യു പി എ സർക്കാറിനു സാധിച്ചു.

ഇടത് കാലത്ത് വൈദ്യുതി ബോർഡിൽ നടന്ന ശമ്പള പരിഷ്കരണത്തിൽ മിനിമം ബെനിഫിറ്റ് സ്കെയിലിൽ ഇല്ലാതെ ജീവനക്കാരെ വഞ്ചിച്ചു. 1957-ൽ നിലവിൽ വന്ന കെ. എസ്. ഇ. ബി യെ ഇടതു സർക്കാർ കൊലചെയ്തു. സ്വത്തുക്കൾ സർക്കാരിൽ വെസ്റ്റ് ചെയ്തു. ബാക്കി നടപടികൾ പൂർത്തിയാക്കാതെ, ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കാതെ ഉത്തരവാദിത്തത്തിൽ നിന്നും ഒളിച്ചോടി. ഇപ്പോൾ യു ഡി എഫ് കാലത്താണ് പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഗ്യാരണ്ടി നൽകി, ത്രികക്ഷി കരാർ തയ്യാറാക്കി ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കിയത്. പുതിയതായി വരുന്ന സെക്ഷൻ ഓഫീസുകളിൽ വർക്കർ ലൈൻമാൻ തുടങ്ങിയ തസ്തികകൾ വേണ്ടന്നു പറഞ്ഞതും ഇടത് കാലത്താണ്. 2013 ൽ യു ഡി എഫ് സെക്ഷനോഫീസുകളിലെ തസ്തികകൾക്ക് അനുവാദം നൽകി.

2006-ൽ യു ഡി എഫ് ഭരണം മാറുമ്പോൾ വൈദ്യുതി ബോർഡിലെ വിവിധ ബാങ്കുകളിലായി 3000 കോടി രൂപ ഡിപ്പോസിറ്റ് ഉണ്ടായിരുന്നു എന്നാൽ 2011-ൽ വീണ്ടും ഭരണം ഏൽക്കുമ്പോൾ 2000 കോടി ബാധ്യതയുള്ള ബോർഡിനെയാണ് യു ഡി എഫിന്റെ കൈകളിൽ ഇടത് ഗവൺമെന്റ് ഏല്പിച്ചത്. കഴിഞ്ഞ 1000 ദിനങ്ങളിലെ നേരായ ദിശയിലുള്ള പ്രവർത്തനങ്ങൾ കൊണ്ട് സാമ്പത്തികമായി മെച്ചപ്പെട്ടതിന്റെ ഉദാഹരണമാണ് ഒരു വർഷത്തോളം മുടങ്ങിയിരുന്ന ക്ലെയിമുകളൊക്കെ കൊടുത്തു തുടങ്ങിയത്. 10000 നിയമനങ്ങളും പ്രമോഷനുകളും കഴിഞ്ഞ 1000 ദിനങ്ങൾക്കുള്ളിൽ നടപ്പിലാക്കി. സ്ഥാപനത്തെയും, ജീവനക്കാരെയും റിട്ടയർ ചെയ്തവരെയും തകർക്കുന്ന ദ്രോഹ നടപടികൾ നടത്തിയ ഇടത് പക്ഷത്തിന് വീണ്ടുമൊരു തിരിച്ചടി നൽകുന്നതിനും പ്രമോഷനുകളും നിയമനങ്ങളും ഉൾപ്പെടെ തൊഴിലാളി ക്ഷേമ നടപടികൾ സ്വീകരിച്ച യു ഡി എഫ് സർക്കാറിന് ശക്തി പകരുന്നതിനും ലഭിച്ചിരിക്കുന്ന ഈ അവസരം എല്ലാ വൈദ്യുതി ജീവനക്കാരും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.



**സിബിക്കുട്ടി ഫ്രാൻസിസ്**
ജനറൽ സെക്രട്ടറി

# ഇനി രാഹുൽ മാജിക്

2009–നു ശേഷം ഇന്ത്യ വളരെയേറെ മാറിയിരിക്കുന്നു. കേന്ദ്രത്തിലെ പത്തുവർഷത്തെ തുടർച്ചയായ ഭരണത്തിനു ശേഷം കോൺഗ്രസും ശേഷിക്കുന്ന ഘടക കക്ഷികളായ എൻ സി പി, രാഷ്ട്രീയ ലോക്ദൾ, നാഷണൽ കോൺഫറൻസ്, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, കേരള കോൺഗ്രസ് (മാണി), മറ്റു ചെറിയ സഖ്യകക്ഷികൾ എന്നിവർ ഈ മാറിയ ഇന്ത്യയുടെ ലിറ്റ്മസ് പരീക്ഷണത്തിനു വിധേയരാവുകയാണ്.

ചുമതല രാഹുൽഗാന്ധിക്ക് കൈമാറിയതിനാൽ കോൺഗ്രസിന്റെ മുഖമായി മാറിയ രണ്ടുപേർ നയിക്കാൻ മുന്നിലുണ്ടാവില്ല. കഴിഞ്ഞതവണ പാർട്ടിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായിരുന്ന മൻമോഹൻസിങ് പുതിയ പ്രധാനമന്ത്രിക്കായി ബാറ്റൺ കൈമാറുമെന്നു പ്രഖ്യാപിച്ചു. സോണിയഗാന്ധിയാകട്ടെ, പാർട്ടിയുടെ പ്രചാരണവേദിയിൽ തന്റെ ചിത്രം പാടില്ലെന്നു നിർദ്ദേശിച്ചു. ഇരുവരും പ്രചാരണത്തിന് ഉണ്ടാകുമെങ്കിലും സന്ദേശം വ്യക്തമാണ് - പാർട്ടി അധികാരത്തിൽ വന്നാൽ രാഹുൽ ആയിരിക്കും പ്രധാനമന്ത്രി.

അധികാരത്തിലുള്ള പാർട്ടിയെയാണു പ്രധാനമന്ത്രിയോ മന്ത്രിയോ അല്ലാത്ത രാഹുൽ നയിക്കുന്നത്. ആറു ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ പ്രകടനം ദയനീയമായിരുന്ന ഉത്തർപ്രദേശിൽ നിന്നു കഴിഞ്ഞതവണ 21 സീറ്റ് കിട്ടിയപ്പോൾ പാർട്ടിയെ സംസ്ഥാനത്തു പുനരുജ്ജീവിപ്പിച്ച മിശിഹയായി എല്ലായിടത്തും രാഹുൽ മാജിക് ദൃശ്യമായി. മൻമോഹൻ മന്ത്രിസഭയിൽ ചേരാനുള്ള ക്ഷണം നിരസിച്ച രാഹുൽ താൻ പാർട്ടിയുടെ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കുമെന്നു പ്രഖ്യാപിച്ചുകൊണ്ട് ഉത്തർപ്രദേശിൽ ശക്തമായ പര്യടനങ്ങൾ നടത്തി.



അധികാരത്തിലുള്ള പാർട്ടിയെയാണു പ്രധാനമന്ത്രിയോ മന്ത്രിയോ അല്ലാത്ത രാഹുൽ നയിക്കുന്നത്. ആറു ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ പ്രകടനം ദയനീയമായിരുന്ന ഉത്തർപ്രദേശിൽ നിന്നു കഴിഞ്ഞതവണ 21 സീറ്റ് കിട്ടിയപ്പോൾ പാർട്ടിയെ സംസ്ഥാനത്തു പുനരുജ്ജീവിപ്പിച്ച മിശിഹയായി എല്ലായിടത്തും രാഹുൽ മാജിക് ദൃശ്യമായി.

1952 മുതലുള്ള 15 ലോക്സഭാ തിരഞ്ഞെടുപ്പുകളുടെ കണക്കു നോക്കിയാൽ 1999 ലെ 114 സീറ്റാണ് ഏറ്റവും ഉയർന്നത്. 1977, 89, 96, 98, 99 വർഷങ്ങളിൽ നടന്ന തിരഞ്ഞെടു



പ്പുകളിൽ ഭൂരിപക്ഷം കിട്ടിയില്ല. 1991ൽ ലഭിച്ച 246 സീറ്റ് ഭൂരിപക്ഷത്തിലും കുറവായിരുന്നെങ്കിലും പുറത്തുനിന്നുള്ള പിന്തുണയോടെ പി. വി. നരസിംഹറാവുവിന്റെ നേതൃത്വത്തിൽ സർക്കാർ നിലവിൽ വന്നു.


2004 ലും ഇതേ മാതൃക പിന്തുടർന്നു മൻമോഹൻസിങ് അധികാരത്തിലെത്തി. 2009 ൽ പാർട്ടി 200 സീറ്റ് കടന്നതേയുള്ളൂ എങ്കിലും യു. പി. എ സഖ്യകക്ഷികൾ ചേർന്നു ഭൂരിപക്ഷം കരസ്ഥമാക്കി. യു. പി. എ സർക്കാർ കൊണ്ടുവന്ന അവകാശങ്ങളിൽ അധിഷ്ഠിതമായ നിയമങ്ങൾ കോൺഗ്രസിന് നേട്ടമുണ്ടാക്കും. രാഹുൽ അതാണ് ഉയർത്തിക്കാട്ടുന്നത്. ഭക്ഷ്യസുരക്ഷ, ഭൂമിയേറ്റെടുക്കൽ നിയമത്തിലെ പരിഷ്കരണം, വിദ്യാഭ്യാസ അവകാശനിയമം, ലോക്പാലും മറ്റ് അഴിമതി വിരുദ്ധ നിയമങ്ങളും എന്നിവ കൊണ്ടുവന്നതിൽ അദ്ദേഹം അഭിമാനിക്കുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, വിവരാവകാശ നിയമം, കടം എഴുതിത്തള്ളൽ എന്നീ നിയമങ്ങളുടെ സഹായത്തോടെയാണു യു. പി. എ സർക്കാർ 2009 ൽ അധികാരത്തിൽ വീണ്ടുമെത്തിയതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അതേ തന്ത്രങ്ങൾ ഇപ്പോഴും വിലപ്പോകുമെന്നും. കുംഭകോണങ്ങൾ സർക്കാറിനെ ഉലച്ചിട്ടുണ്ടെങ്കിലും അഴിമതി വിരുദ്ധ നിയമങ്ങൾ കൊണ്ടുവന്നതു ഗുണംചെയ്യും. പത്തുകോടിയിലേറെ യുവ വോട്ടർമാർ ഉള്ളതിനാൽ സ്ത്രീ - യുവജന ശാക്തീകരണത്തിലും അദ്ദേഹം ഊന്നുന്നു. അതിനാലാണ് ആം ആദ്മി പാർട്ടിയുടെ ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പു വിജയത്തിൽ നിന്നു പാഠം പഠിക്കണമെന്നു നേതാക്കളോടു പറഞ്ഞത്.

സംഘടനാരംഗത്തു കോൺഗ്രസിനെ നാമനിർദ്ദേശ സംസ്കാരത്തിൽ നിന്നു മോചിപ്പിക്കാനാണ് രാഹുൽ ശ്രമിച്ചത്. പി സി സി അദ്ധ്യക്ഷന്മാർ, മുഖ്യമന്ത്രിമാർ, വർക്കിങ് കമ്മിറ്റി അംഗങ്ങൾ, സ്ഥാനാർത്ഥികൾ തുടങ്ങി എല്ലാവരെയും കോൺഗ്രസ് പ്രസിഡന്റും ചുറ്റുവട്ടത്തുള്ളവരും നാമനിർദ്ദേശം ചെയ്യുന്നതായിരുന്നു നിലവിലുണ്ടായിരുന്ന രീതി. ലോക്സഭാ സ്ഥാനാർത്ഥികളെ പ്രൈമറി തിരഞ്ഞെടുപ്പുവഴി കണ്ടെത്തുന്ന സമ്പ്രദായത്തിനു പരീക്ഷണാടിസ്ഥാനത്തിൽ തുടക്കമിടാൻ കഴിഞ്ഞു. നിശബ്ദഭൂരിപക്ഷത്തെ തങ്ങളിലേക്ക് ആകർഷിക്കാനുള്ള ശക്തമായ പ്രചാരണം കോൺഗ്രസ് തുടങ്ങിക്കഴിഞ്ഞു. വ്യാപകമായി രാഹുലിന്റെ യാത്രകളും ആസൂത്രണം ചെയ്യപ്പെട്ടു. കുതിരപ്പുറത്തു വരുന്നയാളെ സർവ്വശക്തിയും സമാഹരിച്ച് എതിരിടണം. ചേംബർ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് യോഗത്തിലാണു മോദിയെ രാഹുൽ ഇങ്ങനെ വിശേഷിപ്പിച്ചത്. ഒരു നേതാവിന് അധികാരം നൽകിയതുകൊണ്ടു മാത്രം ഇന്ത്യ വളരില്ല; മറിച്ചു കോടിക്കണക്കിനു ആളുകളിലേക്ക് അധികാരം കൈമാറുകയാണ് വേണ്ടത് എന്നാണു രാഹുൽ വിശദീകരിച്ചത്. ■

സംഘടനാരംഗത്തു കോൺഗ്രസിനെ നാമനിർദ്ദേശ സംസ്കാരത്തിൽ നിന്നു മോചിപ്പിക്കാനാണ് രാഹുൽ ശ്രമിച്ചത്. പി സി സി അദ്ധ്യക്ഷന്മാർ, മുഖ്യമന്ത്രിമാർ, വർക്കിങ് കമ്മിറ്റി അംഗങ്ങൾ, സ്ഥാനാർത്ഥികൾ തുടങ്ങി എല്ലാവരെയും കോൺഗ്രസ് പ്രസിഡന്റും ചുറ്റുവട്ടത്തുള്ളവരും നാമനിർദ്ദേശം ചെയ്യുന്നതായിരുന്നു നിലവിലുണ്ടായിരുന്ന രീതി.

# വികസനത്തിനും സുസ്ഥിരതയ്ക്കും യു.പി.എ.






## യു.പി.എയുടെ പ്രവർത്തനങ്ങൾ

- അഴിമതി ഇല്ലാതാക്കാൻ വിവരാവകാശ നിയമം, വിസിൽ ബ്ലോവേഴ്സ് സംരക്ഷണ നിയമം, ലോക്പാൽ, ലോകായുക്തനിയമം എന്നിവ കൊണ്ടുവന്നു. കള്ളപ്പണം വെളുപ്പിക്കുന്നതു തടയാൻ നിയമം പാസാക്കി. അഴിമതിക്കെതിരായ യു.എൻ. ഉടമ്പടി ഇന്ത്യ അംഗീകരിച്ചു. ഇ-ഭരണം വിജയകരമായി കൊണ്ടുവന്നു. പാസ്പോർട്ട് അപേക്ഷകൾ ഓൺലൈനാക്കി.
- ലോകത്തെ അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥയിൽ ഇന്ത്യ രണ്ടാം സ്ഥാനം നേടി. ഇന്ത്യയുടെ ആളോഹരി വരുമാനവും ജി ഡി പി യും മൂന്ന് മടങ്ങോളം വർദ്ധിച്ചു. ആഗോളമാന്ദ്യം ഉണ്ടായിരുന്നെങ്കിലും സാമ്പത്തിക വളർച്ചാനിരക്ക് 7.7 ശതമാനമായി. കാർഷിക വളർച്ച 2.5% ആയിരുന്നത് 4% ആയി. വ്യാവസായിക വളർച്ച 8.5%.
- ഭക്ഷ്യസുരക്ഷാനിയമം വഴി രാജ്യത്തെ 120 കോടി ജനങ്ങളിൽ 81 കോടി ആളുകൾക്കും ഭക്ഷണത്തിനുള്ള അവകാശം ലഭിച്ചു. മുൻഗണനാ പട്ടികയിലുള്ള കുടുംബത്തിലെ ഓരോ അംഗത്തിനും പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യം ലഭിക്കും. അരി മൂന്നു രൂപ, ഗോതമ്പ് രണ്ടു രൂപ, കുറഞ്ഞയിനം ധാന്യം ഒരു രൂപ എന്നീ നിരക്കിലാണ് നൽകുന്നത്. ഏറ്റവും പാവപ്പെട്ടവരായ അന്ത്യോദയ അന്നയോജന കുടുംബങ്ങൾയക്ക് ഈ നിരക്കിൽ പ്രതിമാസം 35 കിലോ അരി ലഭിക്കുന്നു.
- പാൽ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, മത്സ്യം, മുട്ട എന്നിവയുടെ ഉത്പാദനത്തിൽ ഇന്ത്യ ഇപ്പോൾ ഒന്നാംകിട രാജ്യങ്ങൾക്കൊപ്പം ലോകത്തിലെ കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതിയിൽ ഇന്ത്യയുടെ വിഹിതം 0.8% ആയിരുന്നത് 2.6%ആയി. നെല്ലുത്പാദനം 83 ദശലക്ഷം ടണ്ണിൽ നിന്നും 104 ദശലക്ഷം ടൺ ആയും ഗോതമ്പ് 68 ദശലക്ഷം ടണ്ണിൽ നിന്നും 92 ദശലക്ഷം ആയും കരിമ്പ് 237 ദശലക്ഷം ടണ്ണിൽ നിന്നും 341 ദശലക്ഷം ടൺ ആയും വർദ്ധിച്ചു. ഭക്ഷ്യ സബ്സിഡി മൂന്നിരട്ടി വർദ്ധിച്ചു. ഭക്ഷ്യധാന്യ ശേഖരം 700 ലക്ഷം ടൺ കവിഞ്ഞ് റിക്കാർഡിലേക്ക്.
- നെല്ലിന്റെ താങ്ങുവില ക്വിന്റലിന് 590 രൂപയിൽ നിന്ന് 1,250 രൂപ. ഗോതമ്പ് 640 ൽ നിന്ന് 1,350 രൂപ. അരിയുടേയും ഗോതമ്പിന്റെയും താങ്ങുവില ഇരട്ടിയായി. മറ്റ് ധാന്യവിളകൾക്ക് ഇത് മൂന്ന് മടങ്ങാക്കി. കാർഷിക വായ്പ 700% വർദ്ധിപ്പിച്ചു. 4.3 കോടി ചെറുകിട കർഷകരുടെ വായ്പ എഴുതിത്തള്ളി. 72,000 കോടി രൂപ ഇതിനു വിനിയോഗിച്ചു.
- മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിയിലൂടെ ഗ്രാമങ്ങളിലെ അഞ്ചിലൊരാൾക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ 213 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. ദിവസക്കൂലി 65 രൂപയിൽനിന്നും 212 രൂപയായി. ഉപവിഭാഗത്തിൽ ഗ്രാമങ്ങളിൽ 3.4 ശതമാനം വർധനയാണ് ഉണ്ടായത്. ഗ്രാമങ്ങളിലെ വേതനം പ്രതിവർഷം 16 ശതമാനം വർദ്ധിച്ച് മൂന്നിരട്ടിയായി.

പട്ടികവർഗ വിഭാഗങ്ങൾക്കുള്ള തൊഴിൽദിനങ്ങൾ 100ൽ നിന്ന് 150 ആക്കി.

- വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെ 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലികാവകാശമാക്കി. കേന്ദ്ര സർവ്വകലാശാലകൾ 17 ൽ നിന്നും 44 ആയി ഉയർന്നു. ഒൻപത് പുതിയ ഐ ഐ റ്റികൾ. 7 പുതിയ ഐ ഐ എമ്മുകൾ. അഞ്ച് ഐസറുകളും രണ്ട് ഐ ഐ റ്റികളും. 6 പുതിയ മെഡിക്കൽ സയൻസസ്. ഉന്നതവിദ്യാഭ്യാസത്തിന് ചേരുന്നവരുടെ അനുപാതം 11 ശതമാനത്തിൽ നിന്നും 19.4 ശതമാനമായി വർദ്ധിച്ചു. പെൺകുട്ടികളുടേത് 9.4 ശതമാനത്തിൽ നിന്നും 17.9 ശതമാനമായി. അന്തർദേശീയ ശരാശരി 20 ശതമാനമാണ്.
- സ്ത്രീകൾക്കെതിരായുള്ള ലൈംഗിക കുറ്റങ്ങൾക്ക് കഠിനമായ ശിക്ഷ നൽകാൻ ക്രിമിനിൽ നിയമ പരിഷ്കരണം, ഗാർഹിക പീഡനങ്ങൾ തടയുന്നതിനുള്ള നിയമം. കുട്ടികളെ ലൈംഗിക പീഡനത്തിൽ നിന്ന് രക്ഷിക്കാനുള്ള നിയമം എന്നിവ പാസാക്കി.
- ശിശുമരണ നിരക്ക് ആയിരത്തിന് 58 ആയിരുന്നത് 44 ആയി കുറഞ്ഞു. ആയുർദൈർഘ്യം സ്ത്രീ പുരുഷന്മാർക്ക് അഞ്ച് വർത്തിലേറെ വർദ്ധിച്ചു. ആരോഗ്യമേഖലയ്ക്കുള്ള വിഹിതം 335% വർദ്ധിച്ചി 12-ാം പദ്ധതിയിൽ മൂന്ന് ലക്ഷം കോടി രൂപയായി. ശിശു വികസന പദ്ധതിയുടെ വിഹിതം നാലു മടങ്ങ് വർദ്ധിച്ചു. ഗ്രാമീണാരോഗ്യ മിഷനെ തുടർന്ന് നഗരങ്ങളിലെ പാവപ്പെട്ടവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ദേശീയാരോഗ്യ മിഷൻ കൊണ്ടുവന്നു.
- എം ബി ബി എസിന് 12,062 സീറ്റുകളും മെഡിക്കൽ പി ജിക്ക് 9,925 സീറ്റുകളും അനുവദിച്ചു.
- ന്യൂനപക്ഷങ്ങൾക്ക് ചെലവഴിക്കുന്ന തുകയിൽ പത്ത് മടങ്ങ് വർദ്ധന. പ്രധാനമന്ത്രിയുടെ 15 ഇന പരിപാടികളും സ്കോളർഷിപ്പുകളും ന്യൂനപക്ഷങ്ങൾക്ക് നേട്ടമുണ്ടാക്കി. ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ നൽകുന്ന ബാങ്ക് വായ്പകളുടെ 15 ശതമാനം ഇപ്പോൾ ന്യൂനപക്ഷങ്ങൾക്ക്. പട്ടികജാതി, പട്ടികവിഭാഗ, ന്യൂനപക്ഷ വിഭാഗത്തിലെ 200 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി.
- രണ്ട് ലക്ഷത്തിലധികം കിലോമീറ്റർ റോഡുകൾ ഗ്രാമീണ റോഡ് ശൃംഖലയിൽ പുതുതായി നിർമിച്ചു. ഗ്രാമീണ പാതകൾക്ക് പ്രധാൻമന്ത്രി ഗ്രാം സഡക് യോജനയിലെ തുക 12-ാം പദ്ധതിയിൽ 88% വർദ്ധിപ്പിച്ചു. 18,200 കിലോമീറ്റർ ദേശീയപാതകൾ വർദ്ധിപ്പിച്ചത്.
- പ്രതിശീർഷ വൈദ്യുതോപയോഗം 559 കിലോവാട്ടായി. പത്തു വർഷം കൊണ്ട് കൂട്ടിച്ചേർത്ത വൈദ്യുതിയുടെ അളവ് സ്വാതന്ത്ര്യം ലഭിച്ച അന്നു മുതൽ കൂട്ടിച്ചേർത്ത കപ്പാസിറ്റിയെക്കാൾ കൂടുതൽ - 3,24,316 ദശലക്ഷം യൂണിറ്റ്.
- 8.2% ആയിരുന്ന തൊഴിലില്ലായ്മ 5.6% ആയി. അടുത്ത അഞ്ചു വർഷത്തേക്ക് 500 ലക്ഷം പേർക്ക് പരിശീലനം നൽകാൻ ദേശീയ നൈപുണ്യ വികസന അതോറിറ്റി ആരംഭിച്ചു.
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് വായ്പാ സൗകര്യങ്ങൾ ഏഴ് മടങ്ങ് വർദ്ധിച്ചു. പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടിക്കൽ പരിപാടി പ്രകാരം എൺപതിനായിരം സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുകയും ഇതിലൂടെ 9.23 ലക്ഷം പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.
- പുതിയ ഭൂമി ഏറ്റെടുക്കൽ നയത്തിലൂടെ ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്ക് ജീവിതമാർഗ്ഗവും പുനരധിവാസവും സാമ്പത്തിക നേട്ടങ്ങളും ഉറപ്പാക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് 70 മുതൽ 80% വരെ ഭൂവുടമകളുടെ സമ്മതം നിർബന്ധമാക്കി. വിപണിവിലയുടെ നാലിരട്ടി വില ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകും.
- 130 ആയിരുന്ന ടി വി ചാനലുകൾ 788 ആയി വർദ്ധിച്ചു. 64 ആയിരുന്ന കമ്യൂണിറ്റി റേഡിയോ സ്റ്റേഷനുകൾ 163 എണ്ണമായി. റേഡിയോ വ്യവസായം 600 കോടി രൂപ ആയിരുന്നത് 1, 540 കോടി രൂപയായി. 35 കോടി ഗ്രാമീണ ടെലിഫോൺ കണക്ഷൻ. ലോകത്തിലേക്ക് വച്ചുതന്നെ ഏറ്റവും കുറഞ്ഞ ടെലിഫോൺ നിരക്ക് ഇന്ത്യയിലാണ്. ഇന്റർനെറ്റ് കണക്ഷൻ 48 കോടി ജനങ്ങളിലെത്തുന്നു. ബ്രോഡ്ബാന്റ് 2.5 ലക്ഷം ഗ്രാമങ്ങളിലേക്ക്.
- 50 കോടി ആധാർ കാർഡുകൾ വിതരണം ചെയ്തു.
- പെൻഷൻ ഫണ്ടിനു കീഴിലുള്ള മൊത്തം അക്കൗണ്ടുകൾ നാല് കോടിയിൽ നിന്ന് 16 കോടിയായി. എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ അംഗമായവരുടെ എണ്ണം 3.95 കോടിയിൽ നിന്നും 8.85 കോടിയായി. കൊമേഴ്സ്യൽ ബാങ്കുകളുടെ ശാഖകൾ 53,000 ത്തിൽ നിന്നും 88,000 ആയി. ബാങ്ക് അക്കൗണ്ടുകൾ 43.97 കോടിയിൽ നിന്ന് 77.32 കോടിയായി.
- കേന്ദ്രസർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടേയും ക്ഷാമബത്ത 100 ശതമാനമാക്കി. 50 ലക്ഷം ജീവനക്കാർക്കും 30 ലക്ഷം പെൻഷൻകാർക്കും പ്രയോജനം.
- എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കുറഞ്ഞ പെൻഷൻ ആയിരം രൂപയാക്കി. 28 ലക്ഷം തൊഴിലാളികൾക്കു പ്രയോജനം. ■

# ഭാവിയിലേക്കൊരു കുതിപ്പ്

ധനമന്ത്രി ചിദംബരം ഫെബ്രുവരി 17 ന് ലോക്സഭയിൽ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ട് എല്ലാം കൊണ്ടും ശ്രദ്ധേയമായി. ഇത്തരം ഒരു ബജറ്റ് ഏതാനും മാസം സർക്കാറിന് ആവശ്യമുള്ള വിഭവങ്ങളുടെ സമാഹരണം, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള അനുവാദം ലോക്സഭയിൽ നിന്ന് വാങ്ങുക മാത്രമല്ല ലക്ഷ്യം. തങ്ങളുടെ നാളിതുവരെയുള്ള പ്രവർത്തന മികവ് ഉയർത്തിക്കാണിച്ച് വീണ്ടും ഒരവസരം കൂടി നൽകാനുള്ള അഭ്യർത്ഥന വോട്ടർമാരുടെ മുമ്പിൽ വെക്കാനുള്ള അവസരം സൃഷ്ടിച്ചെടുക്കുക കൂടിയാണ്. ഈ രണ്ടു ലക്ഷ്യങ്ങളും പരമാവധി ഭംഗിയായി തന്നെ ചിദംബരം നേടിയെടുത്തു. ഭാരത് നിർമ്മാൺ/ ഫ്ളാഗ്ഷിപ്പ് പദ്ധതികൾ വഴിയായി ഗ്രാമജീവിതത്തിൽ മാറ്റം വരുത്താൻ യു. പി. എ സർക്കാറിനു കഴിഞ്ഞു എന്നുള്ളത് ഏത് രാഷ്ട്രീയ എതിരാളിയും സമ്മതിക്കും. പണപ്പെരുപ്പത്തിന് തടയിടാനും സമസ്തമേഖലകളിലും ഉണർവുണ്ടാക്കാനും സഹായിക്കുന്നതോടൊപ്പം വനിതാ ക്ഷേമം, സ്കിൽ വികസനം, വിദ്യാഭ്യാസം, ഊർജ്ജോത്പാദനം, പരിസ്ഥിതി തുടങ്ങിഹവയ്ക്ക് ഉയർന്ന മുൻഗണന നൽകുകയും ചെയ്യുന്ന ബജറ്റിൽ ഒരിക്കൽക്കൂടി തങ്ങൾക്ക് അവസരം തരൂ എന്ന് പറയാതെ പറയുകയും ചെയ്യുന്നു. ആദ്യമായി ബജറ്റ് സൂചകങ്ങളിലേക്ക് ഒരെത്തിനോട്ടം നടത്തുന്നത് വിശകലനത്തിന് ഗുണം ചെയ്യും. പട്ടികയിലേക്ക് പോകാം.

മുകളിലെ പട്ടികയിലൂടെ കണ്ണോടിക്കുമ്പോൾ ചില നിരീക്ഷണങ്ങൾ വസ്തു നിഷ്ഠമായി നടത്താൻ കഴിയുന്നു. 2013-14 കാലയളവിൽ വിഭാവനം ചെയ്ക വളർച്ച നേടിയെടുക്കാൻ കഴിഞ്ഞില്ല. നികുതിയിതര വരുമാനം പ്രതീക്ഷിച്ചതിലും കൂടുതൽ വളർച്ച നേടി. പദ്ധതിയിതര ചെലവ് ബജറ്റ് പ്രതീക്ഷയ്ക്കും മുകളിലായി. റവന്യൂ കമ്മി.3.3 ശതമാനത്തിൽ തന്നെ കുരുക്കിയപ്പോൾ ധനക്കമ്മി 4.8 ശതമാനത്തിൽ (ബി. ഇ) നിന്ന് നാമമാത്രമായിട്ടെങ്കിലും കുറച്ച് 4.6 ശതമാനം (ആർ. ഇ) ആയി നിജപ്പെടുത്തി. 2014-15 വർഷം പ്രതീക്ഷിക്കുന്ന റവന്യൂ, ധനകമ്മികൾ യഥാക്രമം മൂന്ന് ശതമാനം, 4.1 ശതമാനം എന്ന തോതിലാണ്.

സാമ്പത്തികവളർച്ച എന്ന ഉദ്ദേശ്യത്തോടെ 66 കേന്ദ്രാവിഷ്കൃത പദ്ധതികളെ പുനഃക്രമീകരിച്ച് സിനർജി ഇഫക്ട് ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനങ്ങൾക്കുള്ള പദ്ധതി വിഹിതമാക്കി മാറ്റും എന്ന് രേഖപ്പെടുത്തിയിരിക്കു

## ബജറ്റ് ഒറ്റ നോട്ടത്തിൽ (കോടി രൂപയിൽ)

| | തരം / വർഷം | 2012-13 | 2013-14 (ബി.ഇ.) | 2013-14 (ആർ.ഇ.) | 2014-15 (ബി.ഇ.) |
|---|---|---|---|---|---|
| 1 | റവന്യൂ വരുമാനം | 877613 | 1056331 | 1029252 | 1167131 |
| | എ) നികുതിവരുമാനം (കേന്ദ്രവിഹിതം) | 740256 | 884078 | 836026 | 986417 |
| | ബി) നികുതിയിൽ വരുമാനം | 137357 | 172252 | 193226 | 180714 |
| 2 | മൂലധന വരുമാനം | 532754 | 608967 | 661182 | 596083 |
| 3 | ആകെ വരുമാനം (1 + 2) | 1410367 | 1665297 | 1950434 | 1207892 |
| 4 | പദ്ധതിയിതര ചെലവ് | 996742 | 1109975 | 1114902 | 1207892 |
| 5 | പദ്ധതിച്ചെലവ് | 413625 | 555322 | 475532 | 355322 |
| 6 | മൊത്തം ചെലവ് | 1410367 | 1665297 | 1590434 | 1763214 |
| 7 | റവന്യൂ കമ്മി | 365896 | 379838 | 370288 | 382293 |
| 8 | റവന്യൂ കമ്മി ജി.ഡി.പി.യുടെ % ആയി | 3.6 | 3.3 | 3.3 | 3.0 |
| 9. | ധനകമ്മി | 490597 | 542499 | 524539 | 528631 |
| 10 | ധനകമ്മി ജി.ഡി.പിയുടെ % ആയി | 4.9 | 4.8 | 4.6 | 4.1 |

ന്നു. ഇതുവഴി സംസ്ഥാനങ്ങൾക്കുള്ള പദ്ധതിവിഹിതം 1,36,254 കോടിയിൽ നിന്ന് 3,38,562 കോടിയായി ഉയരും. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാത്ത കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഇതൊരു അനുകൂല നടപടിയാണ്.

**ഊർജ്ജമേഖലയ്ക്ക് ഊന്നൽ**

ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന 50,000 (എം. ഡബ്ല്യു) തെർമൽ ഹൈഡൽ ഇലക്ട്രിസിറ്റി പദ്ധതികൾ കൂടാതെ 78,000 എം. ഡബ്ല്യു. ഊർജ്ജപദ്ധതിക്ക് യഥേഷ്ടം കൽക്കരി ലഭ്യമാക്കുമെന്നും ബജറ്റ് രേഖ ഓർമ്മപ്പെടുത്തുന്നു. ദേശീയ സോളാർ മിഷന്റെ ആഭിമുഖ്യത്തിൽ നാല് അൾട്രാ മെഗാ സോളാർ പവർ പ്രോജക്ടുകൾ വാഗ്ദാനം ചെയ്യുന്നു. കൂടംകുളം ആണവനിലയം പ്രവർത്തനസജ്ജമായതും കൽപാക്കം വികസനം നടന്നുകൊണ്ടിരിക്കുന്നതും ഈ മേഖലയുടെ നേട്ടങ്ങളുടെ ചൂണ്ടുപലകകളായി കാണാവുന്നതാണ്.

നാമമാത്ര, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ വികസനത്തിന് ബജറ്റ് പ്രാമുഖ്യം നൽകുന്നു. ഈ രംഗത്ത് പുതിയ ആശയങ്ങളും സംരംഭങ്ങളും ഉയർന്നു വരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 'ഇന്ത്യാ ഇൻഗ്ലൂസീവ് ഇന്നൊവേഷൻ ഫണ്ട് ആരംഭിച്ചു.

കാർഷിക മേഖലയ്ക്കും ഉയർന്ന പരിഗണന നൽകിയിരിക്കുന്നു. കഴിഞ്ഞ നാലുവർഷക്കാലം കാർഷികമേഖല നാല് ശതമാനം വളർച്ച നേടിയപ്പോൾ തനതുവർഷം 4.6 ശതമാനം വളർച്ച രേഖപ്പെടുത്തി. ഭക്ഷ്യോത്പാദനം 2012-13 ൽ 255.36 ദശലക്ഷം ടണ്ണായിരുന്നത് 2013-14 ൽ 263 ദശലക്ഷം ടണ്ണായി. 2020 ൽ ഇത് 307 ദശലക്ഷം ടണ്ണായി മാറ്റുകയാണ് ലക്ഷ്യം. ഈ ലക്ഷ്യം മുന്നിൽ കണ്ട് കാർഷിക വായ്പ ഏഴുലക്ഷം കോടിയിൽ അധികം ആയിരിക്കുമെന്ന് സൂചിപ്പിക്കുന്നു.

വ്യാവസായികോല്പാദന മേഖലയിലെ മാന്ദ്യം മറികടക്കാൻ ഇറക്കുമതിയും കയറ്റുമതിയും വർദ്ധിപ്പിക്കാൻ നടപടികൾ നിരവധിയാണ്. ദേശീയ വ്യാവസായിക നയം ലക്ഷ്യമിടുന്നത് ദ്വിതീയ മേഖല ജി. ഡി. പി. ക്ക് നൽകുന്ന സംഭാവന 25 ശതമാനമായി ഉയർത്തുക, 100 ദശലക്ഷം



തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയൊക്കെയാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി എട്ട് ദേശീയ നിക്ഷേപ/വ്യവസായ സോണുകൾ ഡൽഹി -മുംബൈ വ്യവസായ ഇടനാഴിയുടെ ഇരുവശങ്ങളിലുമായി വിഭാവനം ചെയ്യുന്നു. മൂന്ന്, പുതിയ വ്യവസായ ഇടനാഴികൾ കൂടി (ചെന്നൈ- ബാംഗ്ളൂർ, ചെന്നൈ - മുംബൈ, അമൃത്സർ - കൊൽക്കത്ത) ബജറ്റിൽ ഇടം നേടി.

അടിസ്ഥാന സൗകര്യമേഖലയ്ക്ക് ഒട്ടും കുറയാത്ത ഊന്നലാണ് ബജറ്റ് അവകാശപ്പെടുന്നത്. 2012-13 തൊട്ടുള്ള കാലത്ത് 3928 കി. മീറ്റർ ദേശീയപാതയും 39,144 കി. മീ ഗ്രാമീണപാതയും (ഭാരത് നിർമാൺ പ്രവർത്തനങ്ങളിലൂടെ), 3343 കി. മീ. പുതിയ റെയിൽവേ ലൈനും (റോളിങ് സ്റ്റോക്ക്) പൂർത്തിയാക്കിയതായി ചൂണ്ടിക്കാണിക്കുന്നു. നിർമാണത്തിലിരിക്കുന്ന പുതിയ ഏഴ് വിമാനത്താവളങ്ങളും അടിസ്ഥാനസൗകര്യ വികസനത്തിന് മാറ്റുകൂട്ടുന്നു. എന്നാൽ, സാമൂഹ്യസേവന മേഖലയ്ക്ക് നൽകിയിരിക്കുന്ന ഊന്നൽ പട്ടികജാതി ഉന്നമനത്തിനായി വെൻചർ ക്യാപിറ്റൽ ഫണ്ട് സ്ഥാപിച്ച്, 200 കോടിയോടെ തുടക്കം കുറിക്കുന്നു. പുതുക്കിയ ഐ. സി. ഡി. എസ്. പദ്ധതി ഇപ്പോഴുള്ള 400 ജില്ലകളിൽ നിന്ന് ബാക്കി ജില്ലകളിലേക്കും വ്യാപിപ്പിക്കും 1/4/2014 മുതൽ.


വനിതാബജറ്റിങ്: നിർഭയ പദ്ധതി ഈ അടുത്ത കാലത്താണ് 1,000 കോടി നിക്ഷേപത്തോടെ തുടങ്ങിയത്. 2014-15 ബജറ്റിൽ 1,000 കോടി കൂടി വകയിരുത്തുമെന്ന് അവകാശപ്പെടുന്നു. സ്ത്രീകളുടെ ഭയം വർദ്ധിച്ചിട്ടേ ഉള്ളൂ എന്ന പരമാർത്ഥം ചിദംബരം അറിയുന്നുണ്ടാവണം. വനിതാ സ്വയം സഹായ സംഘങ്ങൾക്ക് കൈയയഞ്ഞ് പ്രോത്സാഹനം, വനിതാധിഷ്ഠിത നൈപുണി വികസനം ഇതിനൊക്കെ നിർലോഭമായി വിഭവസമാഹരണം നടത്തുമെന്ന് ആശ നൽകുന്നു. എന്നാൽ 'ആധാർ' നടപ്പാക്കും എന്ന വാക്ക് പാലിക്കപ്പെട്ടാൽ അത് സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തീകരണത്തിനും ഹേതുമാകുമെന്നതിൽ സംശയമില്ല. ക്ഷേമപെൻഷനുകളും സബ്സിഡിയും ഗുണഭോക്താവിന്റെ തന്നെ കൈയിലെത്തുക, റേഷൻ സബ്സിഡി കുടുംബിനി വഴിയാവുക ഇതൊക്കെ സ്ത്രീകളെ അംഗീകരിക്കലാണ്. അവരുടെ പദവി ഉയർത്തലാണ്. നിർഭയത്വത്തിലേക്കുള്ള ചുവടുവെപ്പാണ്. വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള ബാങ്ക്-വായ്പ-ലിങ്ക് പദ്ധതി 41,16,000 സ്വയം സഹായ സംഘങ്ങൾ സഹായകമായി എന്നത് വട്ടിപ്പലിശക്കാരിൽ നിന്ന് സാവധാനം അവർ മുക്തരാവുന്നു എന്നതിന്റെ തെളിവാണ്.


കൊച്ചി മെട്രോയ്ക്ക് 462 കോടി അനുവദിച്ചിരിക്കുന്നു. കേരളത്തിനുള്ള നികുതിവിഹിതം 9,101.58 കോടിയായി.

**വിഭവസമാഹരണയജ്ഞം**

വിലക്കയറ്റം, മാന്ദ്യം എന്നിവ പിടിച്ചു നിർത്താനുകുന്നരീതിയിലുള്ള നികുതി ഇളവുകളും ബജറ്റിൽ കൊണ്ടുവന്നിട്ടുണ്ട്.

# യു.ഡി.എഫിന്റെ 1000 ദിനങ്ങൾ





**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**: ഒരു ലക്ഷം പേർക്ക് മൂന്ന് സെന്റ് വീതം ഭൂമി നൽകുന്ന പദ്ധതി നടപ്പാക്കി - രാജ്യത്തെ ഭൂരഹിതരില്ലാത്ത ആദ്യ ജില്ല കണ്ണൂർ.

**കാരുണ്യ ചികിത്സാധനസഹായം**: ഭാഗ്യക്കുറി വിറ്റുവരവിൽ നിന്നും പാവപ്പെട്ടവരുടെ ചികിത്സാ ചെലവിന് ധനസഹായം നൽകുന്ന പദ്ധതി. കാരുണ്യാ ചികിത്സാ സഹായനിധിയിൽ നിന്ന് 27,275 പേർക്ക് 286 കോടി രൂപയുടെ ആനുകൂല്യം- ഹീമോഫീലിയ രോഗികൾക്ക് രണ്ടു ലക്ഷത്തിനു പുറമെ തുടർ ചികിത്സയ്ക്ക് ഒരു ലക്ഷം കൂടി. അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അവയവം ദാനം ചെയ്യുന്നവർക്ക് ഒരു ലക്ഷം രൂപ. സ്വീകരിക്കുന്നവർക്ക് രണ്ടു ലക്ഷം രൂപ.

**മംഗല്യ ലോട്ടറി**: പാവപ്പെട്ട പെൺകുട്ടികളുയെ വിവാഹസഹായത്തിൻ മംഗല്യ ലോട്ടറി.

പൊതുജനാരോഗ്യം: സമഗ്ര പൊതുജനാരോഗ്യം ലക്ഷ്യമിടുന്ന ആരോഗ്യകിരണം പദ്ധതിയിൽ 18 വയസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ. സർക്കാർ ആശുപത്രികളിൽ 939 തരം ജനറിക് മരുന്നുകൾ സൗജന്യമായി എല്ലാവർക്കും - സർക്കാർ ആശുപത്രികളിൽ പ്രസവചികിത്സയും നവജാത ശിശുവിന്റെ 30 ദിവസം വരെയുള്ള ആരോഗ്യപരിരക്ഷയും സൗജന്യം.

**ജനസമ്പർക്ക പരിപാടി**: ജനമനസ്സുകൾ തൊട്ടറിഞ്ഞ് എല്ലാ ജില്ലകളിലും മുഖ്യമന്ത്രി പരാതികൾ പരിഹരിച്ചു.

**ക്രമസമാധാനം ഭദ്രം**: ക്രമസമാധാന രംഗത്ത് കേരളം ഉന്നത സ്ഥാനത്ത്. ജനമൈത്രി പദ്ധതി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് -തണ്ടർബോൾട്സ്, ഭീകുവിരുദ്ധസുരക്ഷാവിഭാഗം ആരംഭിച്ചു- 300 സേനാംഗങ്ങളുള്ള ആന്റി നക്സൽ സ്ക്വാഡ് രൂപീകരിച്ചു- 150 അംഗങ്ങൾ ഉൾപ്പെ ട്ട സംസ്ഥാന ദുരന്ത നിവാരണ സേന. സംസ്ഥാന വ്യവസായസുരക്ഷാസേ ന പ്രവർത്തനമാരംഭിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഇപ്പോൾ 300 സർക്കാർ സ്കൂളുകളിൽ.

**ക്ഷേമപെൻഷനുകൾ**: മിനിമം ക്ഷേമ പെൻഷനുകൾ 800 രൂപയായി വർധിപ്പിച്ചു. എല്ലാ പെൻഷനുകളുടെയും വിതരണം യഥാസമയത്ത്.


**നിർഭയ**: സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് പ്രത്യേക പദ്ധതി.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമം തടയാൻ പ്രത്യേക അന്വേഷണസംഘം, പ്രത്യേകകോടതി. എല്ലാ ജില്ലകളിലും പ്രത്യേക ഷെൽട്ടർ ഹോമുകൾ-വൺസ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ, ഹെൽപ്ഡെസ്ക്കുകൾ, തൊഴിൽ പരിശീലനം.

**പ്രവാസി മലയാളികൾ**: പ്രവാസികളുടെ പുനരധിവാസത്തിന് സമഗ്രപദ്ധതി - സംസ്ഥാന ബജറ്റിൽ ആദ്യമായി പ്രവാസിക്ഷേമത്തിന് 50 കോടി രൂപ - പ്രവാസി മലയാളികളുടെ കൃത്യമായ കണക്ക് ശേഖരിച്ച് പ്രസിദ്ധപ്പെടുത്തി നിതാഖത്ത് മൂലം മടങ്ങിവരുന്നതിന് രജിസ്റ്റർ ചെയ്ത് അപേക്ഷിച്ച് എല്ലാവർക്കും സൗജന്യ വിമാനടിക്കറ്റ് നൽകി - മടങ്ങിവന്നവർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ പ്രത്യേക പാക്കേജ്.

**അദ്ധ്യാപക പാക്കേജ്**: 2006 മുതൽ അംഗീകാരമില്ലാതെ ജോലി ചെയ്തുവരുന്ന പതിനായിരത്തോളം അധ്യാപകർക്ക് നിയമനാംഗീകാരം നൽകി - അധ്യാപക പാക്കേജും അന





ധ്യാപക ജീവനക്കാർക്കായി പ്രത്യേക പാക്കേജും. - എയ്ഡഡ് സ്കൂളുകളിൽ ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന 2920 അദ്ധ്യാപകർക്ക് ശമ്പളം - 4500 ലേറെ അദ്ധ്യാപകർക്ക് നഷ്ടപ്പെട്ട ജോലി തിരികെ ലഭിക്കും. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പുതിയ നിയമനത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി നിർബന്ധം.

**വിദ്യാഭ്യാസം**: ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി ഓഫ് കാമ്പസിന് സ്ഥലം. എ. ഐ. സി. ടി. ഇക്ക് തലസ്ഥാനത്ത് മേഖലാ ഓഫീസ് - പെരിന്തൽമണ്ണയിൽ അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റി. കാമ്പസ്-സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ 210 കോടിരൂപയുടെ നിർമ്മാണ പ്രവർത്തനം- കാസർകോട് കേന്ദ്ര സർവ്വകലാശാലയ്ക്ക് കാമ്പസ്. സ്കൂളുകളിൽ മലയാളം ഭാഷാ പഠനം നിർബന്ധമാക്കി.

**പുതിയ മദ്യവിൽപനശാല ഇല്ല**: സർക്കാർ അധികാരമേറ്റശേഷം ബിവറേജസ് കോർപറേഷന്റെ ഒരു വിൽപ്പനശാലപോലും തുടങ്ങിയിട്ടില്ല-പുതിയ മദ്യഷാപ്പുകൾ തുടങ്ങുന്നതിനുള്ള അന്തിമ അനുമതി നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്- സമഗ്ര മദ്യനയം രൂപവത്കരിക്കാൻ ഏകാംഗ കമ്മിഷൻ.

**ശ്രുതി തരംഗം**: ബധിരരും മൂകരുമായ മൂന്ന് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സംസാരശേഷിയും കേൾവിയും ലഭിക്കാനുള്ള പദ്ധതി- 200 കുട്ടികൾക്ക് കോക്ളിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് വിധേയ

രാകുന്ന കുട്ടികൾക്ക് അഞ്ച് ലക്ഷം രൂപ വീതം സർക്കാർ നൽകുന്നു. - ശസ്ത്രക്രിയയ്ക്ക് ശേഷം കുട്ടികൾക്ക് ഓഡിയോ വെർബൽ തെറാപ്പിയും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പ്രത്യേകപരിശീലനവും.

**തൊഴിൽമേഖല ശാന്തം**: 23 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചു. സ്വകാര്യ ആശുപത്രികളിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ ആശുപത്രി വ്യവസായ ബന്ധസമിതി. - തോട്ടം മേഖലയിലെ തൊഴിലാളികൽക്ക് ക്ഷേമനിധിയും പാർപ്പിട സൗകര്യവും. ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവകാല ആനുകൂല്യമായി 15000 രൂപ. സമഗ്ര ആരോഗ്യ ഇൻഷുറൻസിൽ 30 ലക്ഷം കുടുംങ്ങളെ അംഗങ്ങളാക്കി.

**ഒരു രൂപയ്ക്ക് അരി**: ഒരു രൂപ നിരക്കിൽ 25 കിലോ അരിയും 2 രൂപ നിരക്കിൽ 8 കിലോ ഗോതമ്പും ബി. പി.എൽ കുടുംബങ്ങൾക്ക് 120 പുതിയ റേഷൻ കടകൾ ആരംഭിച്ചു. 887812 പുതിയ റേഷൻ കാർഡുകൾ നൽകി. ഇതിൽ 50766 ബി. പി. എൽ കാർഡുകൾ. 61 പുതിയ മാവേലി സ്റ്റോറുകൾ. നാല് സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബസാറുകളാക്കി. 25 പുതിയ സൂപ്പർ മാർക്കറ്റുകളും ആറ് പുതിയ മെഡിക്കൽ സ്റ്റോറുകളും.

**പി.എസ്സ്.സി.വഴി നിയമനം**: 2013 ഡിസംബർ വരെ 85164 പേർക്ക് പിഎസ്സ്സി വഴി നിയമനം- വികലാംഗരായ 2799 പേരെയും, കെ. എസ്. ആർ.ടി.സിയിൽ 3386 എം- പാനൽ കാരെയും സ്ഥിരപ്പെടുത്തി.

**കൃഷിക്കും കർഷകനും പരിരക്ഷ**: 90 ശതമാനം പ്രീമിയം നൽകി കർഷക ഇൻഷുറൻസ്. ചെറുകിട കർഷകർക്ക് വിള ഇൻഷുറൻസ്.

**കണ്ണൂർ വിമാനത്താവളം**: എല്ലാ അനുമതികളും നേടി നിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചു - 2015 ഡിസംബറിൽ ആദ്യ വിമാനം പറന്നുയരും - സമയബന്ധിതമായി പൂർത്തിയാക്കും.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം**: പദ്ധതിയ്ക്ക് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി. ആഗോള ടെണ്ടർ ക്ഷണിച്ചു - നിർമാണ പ്രവർത്തനങ്ങൾ അടുത്ത ജൂണിൽ.

**സ്മാർട്ട് സിറ്റി**: പദ്ധതി പ്രവർത്തനം സർക്കാർ ഊർജ്ജിതമാക്കി. 6.5 ലക്ഷം ചതുരശ്രഅടി കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 30 ലക്ഷം ചതുരശ്രയടി കെട്ടിടം നിർമിക്കാൻ സ്മാർട്ട് സിറ്റിക്ക് ബിസിനസ് പങ്കാളികളുമായി കരാർ.

**കൊച്ചി മെട്രോ**: നിർമാണപ്രവർത്തനങ്ങൾ നിശ്ചിത സമയക്രമമനുസരിച്ച് പുരോഗമിക്കുന്നു 1600 കോടി രൂപയുടെ ഫ്രഞ്ച് വായ്പയും 1170 കോടി രൂപയുടെ കാനറാ ബാങ്ക് വായ്പയും പദ്ധതി പേട്ട മുതൽ തൃപ്പൂണിത്തുറ വരെ നീട്ടി.

**മോണോറെയിൽ**: തിരുവനന്തപുരത്തും കോഴിക്കോടും മോണോറെയിൽ ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ തുടങ്ങി.

**സ്റ്റാർട്ട് അപ് പദ്ധതി**: യുവാളും വിദ്യാർത്ഥികളും തൊഴിൽദാതാക്കളാകുന്നു. വിദ്യാർത്ഥി സംരംഭകർക്ക് ഗ്രേസ് മാർക്ക്, ഹാജർ ഇളവ് കൂടാതെ 500 കോടി രൂപ ബജറ്റ് വിഹിതം.

**ഇ ഗവേൺസിൽ ഒന്നാമത്:** ഇ-ജില്ല പദ്ധതി 14 ജില്ലകളിലും 10 പ്രധാനപ്പെട്ട വകുപ്പുകളുടെ 503 സേവനങ്ങൾ ഓൺലൈനിൽ

**പുതിയ 12 താലൂക്കുകൾ**: ഭരണ സൗകര്യത്തിന് 12 പുതിയ താലൂക്കുകൾ

ടെക്നോപാർക്ക്: ടെക്നോപാർക്ക് മൂന്നാംഘട്ടം ഉദ്ഘാടനത്തിനായി 333 ഏക്കർ ഭൂമിയിൽ ആകെ കെട്ടിട വിസ്തൃതി 72 ലക്ഷം ചതുരശ്ര അടി, 285 കമ്പനികൾ, രാജ്യത്തെ ഏറ്റവും വലിയ ഹരിത ഐടി പാർക്ക്

**മലയാളം സർവ്വകലാശാല**: തുഞ്ചത്തെഴുത്തച്ഛന്റെ പേരിൽ മലയാളം സർവ്വകലാശാല ആരംഭിച്ചു.

**മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി:** കേന്ദ്രസർക്കാരിനെകൊണ്ട് മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിപ്പിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു.

**സർക്കാർ മെഡിക്കൽ കോളേജ്**: 30 വർഷത്തിന് ശേഷം പുതുതായി 8 ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ - മഞ്ചേരി ഗവ: മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചു - കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു- പാരിപ്പള്ളിയിൽ ഇ. എസ്. ഐ സ്കീമിലുള്ള കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളേജ്.

**അധികനൈപുണ്യ പദ്ധതി**: തൊഴിൽ വൈദഗ്ധ്യം വർധിപ്പിക്കാൻ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് 450 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധിക നൈപുണ്യ പദ്ധതി.

**ഊർജ്ജം**: 2013 നവംബർ വരെ 10,00077 പുതിയ കണക്ഷനുകൾ നൽകി. 8004 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചു. 4759 കിലോമീറ്റർ 11 കെ. വി. ലൈൻ പുതുതായി നിർമിച്ചു.

**സബ് ആർ ടി ഓഫീസുകൾ**: എല്ലാ താലൂക്കുകളിലും സബ് ആർ. ടി. ഓഫീസുകൾ. പ്രധാന ബസ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയ പദ്ധതി.

**മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പു പദ്ധതി**: 1500 ലക്ഷം തൊഴിൽ ദിനങ്ങൾ, 2500 കോടി രൂപയും ചെലവഴിച്ചു. തൊഴിൽസമയം രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് മണിവരെ.

SC/ST ഭവനനിർമ്മാണ ധനസഹായം: പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം ഇരട്ടിയാക്കി.

റോഡുകൾ ഗതാഗതയോഗ്യം: കെ.എസ്.ടി.പി രണ്ടാം ഘട്ടം നിർമാണം തുടങ്ങി-350 കോടി രൂപ ചെലവിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി റോഡുകൾ ഒറ്റത്തവണ വ്യവസ്ഥയിൽ പരിഷ്കരിച്ചു - നഗര റോഡ് വികസനപദ്ധതി കോഴിക്കോട് കൊച്ചി, കൊല്ലം, കോട്ടയം, തൃശൂർ, മലപ്പുറം, കണ്ണൂർ നഗരങ്ങളിലും

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന: 232 കിലോമീറ്റർ റോഡുകൾ. 107.23 കോടിയുടെ അധിക ബാധ്യത സംസ്ഥാനം ഏറ്റെടുത്തു.

വിനോദസഞ്ചാരം: വിനോദസഞ്ചാരികളുടെ എണ്ണം രണ്ടു കോടിയും വരുമാനം 40,000 കോടിയും കവിഞ്ഞു. വിസ ഓൺ അറൈവൽ പദ്ധതി നടപ്പാക്കി.

നഗരവികസനം: നഗരങ്ങളിലെ കെട്ടിടനിർമാണചട്ടങ്ങൾ ലഘൂകരിച്ചു. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് നഗരങ്ങളിൽ 1522 കോടി രൂപയുടെ സുസ്ഥിര നഗരവികസന പദ്ധതി. 101 മുഖ്യപദ്ധതികളിൽ 36 പദ്ധതികൾ പൂർത്തിയായി. 28 എണ്ണം അവസാനഘട്ടത്തിൽ വിവിധ മരാമത്ത് പണികൾക്ക് 6,000 കോടി രൂപയുടെ ഭരണാനുമതി. തിരുവനന്തപുരത്ത് മുട്ടത്തറയിൽ 80 കോടി രൂപയുടെ ബൃഹത്തായ സീവേജ് ട്രീറ്റ്മെന്റ് സ്ഥാപിച്ചു. ■

# നിയമനങ്ങളുടേയും പ്രമോഷനുകളുടേയും പെരുമഴക്കാലം

# 1000 ദിനങ്ങൾ
# 10,000 നിയമനങ്ങൾ പ്രമോഷനുകൾ

## പ്രമോഷനുകൾ

| | |
|---|---|
| ഇലക്ട്രിസിറ്റി വർക്കറിൽ നിന്നും ലൈൻമാൻ II | 1420 |
| ലൈൻമാൻ II നിന്നും ലൈൻമാൻ I | 1083 |
| ലൈൻമാൻ I നിന്നും ഓവർസിയർ (ഇലക്ട്രിക്കൽ) | 1152 |
| സബ് എൻജിനിയർ ട്രെയിനിയിലേയ്ക്ക് | 465 |
| സബ് എൻജിനിയർ (ഇലക്ട്രിക്കൽ) ൽ നിന്നും അസി. എൻജിനിയർ (ഇലക്ട്രിക്കൽ) | 183 |
| ജൂനിയർ അസിസ്റ്റന്റിൽ നിന്നും സീനിയർ അസിസ്റ്റന്റ് | 415 |
| സീനിയർ അസിസ്റ്റന്റിൽ നിന്നും സീനിയർ സൂപ്രണ്ട് | 115 |
| കാഷ്യറിലേക്കുള്ള 20% ക്വാട്ട പ്രമോഷൻ | 84 |
| ഓഫീസ് അറ്റൻഡന്റിൽ നിന്നും കാഷ്യർ ട്രെയിനി | 154 |
| ഡ്രൈവർ ഗ്രേഡ് II ൽ നിന്നും ഡ്രൈവർ ഗ്രേഡ് I | 55 |
| ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റിൽ നിന്നും സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 24 |
| സീനിയർ ഫെയർകോപ്പി അസിസ്റ്റന്റിൽ നിന്നും ഫെയർകോപ്പി സൂപ്രണ്ട് | 1 |
| അസി. എൻജിനിയർ (ഇലക്ട്രിക്കൽ) ൽ നിന്നും അസി. എക്സിക്യൂട്ടീവ് എൻജിനിയർ (ഇലക്ട്രിക്കൽ) | 226 |
| സീനിയർ സൂപ്രണ്ടിൽ നിന്നും അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 32 |
| ഡിവിഷണൽ അക്കൗണ്ടന്റിൽ നിന്നും അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 8 |
| അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറിൽ നിന്നും ഫിനാൻസ് ഓഫീസർ | 10 |

## ഉടൻ നടക്കുവാൻ പോകുന്ന പ്രമോഷനുകൾ

| | |
|---|---|
| ഇലക്ട്രിസിറ്റി വർക്കറിൽ നിന്നും ലൈൻമാൻ II ( 350 + 150 ) | 500 |
| ലൈൻമാൻ II നിന്നും ലൈൻമാൻ I | 350 |

## നിയമനങ്ങൾ


| | |
|---|---|
| ഇലക്ട്രിസിറ്റി വർക്കർ | 2882 |
| ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ | 76 |
| മീറ്റർ റീഡർ | 65 |
| സബ് എൻജിനിയർ (ഇലക്ട്രിക്കൽ) | 24 |
| സബ് എൻജിനിയർ (സിവിൽ) | 3 |
| അസിസ്റ്റന്റ് എൻജിനിയർ (ഇലക്ട്രിക്കൽ) | 206 |
| അസിസ്റ്റന്റ് എൻജിനിയർ (സിവിൽ) | 2 |
| ഡ്രൈവർ | 37 |
| ഡിവിഷണൽ അക്കൗണ്ടന്റ് | 5 |
| ആശ്രിത നിയമനം | 175 |
| ഓഫീസ് അറ്റൻഡന്റ് ( സ്പോർട്സ് ) | 30 |

## പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

| | |
|---|---|
| ഇലക്ട്രിസിറ്റി വർക്കർ | 792 |
| സബ് എൻജിനിയർ (205+218) | 423 |
| കാഷ്യർ | 163 |
| അസിസ്റ്റന്റ് എൻജിനിയർ | 19 |
| ഡിവിഷണൽ അക്കൗണ്ടന്റ് | 27 |

**പെൻഷൻ പ്രായം 56 ആയി ഉയർത്തി , ഗ്രാറ്റുവിറ്റി 10 ലക്ഷം ആയി വർദ്ധിപ്പിച്ചു**

# ആദരാഞ്ജലികൾ



**തൊഴിലാളികളുടെ മനസ്സ് തൊട്ടറിഞ്ഞ**

## എം. സുകുമാരപിള്ള സാറിന്

*കോൺഫെഡറേഷന്റെ ആദരാഞ്ജലികൾ*



കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി റീത്ത് സമർപ്പിക്കുന്നു

# കേന്ദ്രം കേരളത്തിന് നൽകിയത് 69,408 കോടി

- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി, ആഗോള ടെണ്ടർ ക്ഷണിച്ചു. നിർമാണപ്രവർത്തനം അടുത്ത ജൂണിൽ.
- ഇ. എസ്. ഐ സബ് റീജണൽ ഓഫീസ് തിരുവനന്തപുരത്തും കോഴിക്കോട്ടും.
- ഡയറക്ടർ ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് - 12 കോടി
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് ടെക്നോളജി (IIST) - ഏഷ്യയിലെ ആദ്യത്തെ ബഹിരാകാശ പഠനകേന്ദ്രം. 650 ബിരുദ വിദ്യാർത്ഥികൾക്ക് 50,000 രൂപ വീതം സെമസ്റ്ററിൽ സ്കോളർഷിപ്പ്. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും പി എച്ച് ഡി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ്. 270 കോടിയുടെ പദ്ധതി.
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (ISER) 200 ഏക്കറിൽ. 600 വിദ്യാർത്ഥികൾ. 1,200 കോടിയുടെ പദ്ധതി.
- തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിന് 300 കോടി. വിപുലീകരണത്തിന് 130 കോടി.
- ചാക്കയിൽ എയർ ഇന്ത്യയുടെ ഹാംഗർ യൂണിറ്റ് - 100 കോടി.
- ബ്രഹ്മോസ് എയ്റോസ്പേസ് യൂണിറ്റ് - ക്രൂയിസ് മിസൈൽ നിർമാണത്തിന് റഷ്യയുമായി സംയുക്ത സംരംഭം - 75 കോടി.
- എ. ഐ. സി. ടി. ഇ, സി. ബി. എസ്. ഇ, സി. പി. ഡബ്ല്യു. ഡി, ഇ. എസ്. ഐ. സി മേഖലാ ഓഫീസുകൾ.
- കഴക്കൂട്ടം-കാരോട് ദേശീയപാത ബൈപാസ് നിർമാണത്തിന് 1,170 കോടി.
- മെഡിക്കൽ കോളേജ് ആശുപത്രിക്ക് 179 കോടി.
- റീജണൽ കാൻസർ സെന്ററിന് 120 കോടി.
- രാജീവ്ഗാന്ധി ബയോടെക്നോളജി സെന്ററിന് ആക്കുളത്ത് പുതിയ ബയോ ഇന്നോവേഷൻ കേന്ദ്രം - 110 കോടി.
- ഭക്ഷ്യസബ്സിഡിയും ഭക്ഷ്യസുരക്ഷയും - 2,897 കോടി.
- ദേശീയപാതകൾ - 1,306 കോടി
- 251 കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണം - 320 കോടി.
- ടൂറിസം വികസനം - 84 കോടി.
- മ്യൂസിയങ്ങളുടെ നവീകരണം - 14 കോടി

**മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി**

**കേരളത്തിൽ നടപ്പാക്കുന്ന 13 പതാകവാഹക കേന്ദ്രപദ്ധതികൾ**

- മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 1,700 കോടി
- ഉച്ചഭക്ഷണ പദ്ധതി - 320 കോടി
- സർവ്വശിക്ഷ അഭിയാൻ - 292 കോടി
- ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ - 234 കോടി
- സംയോജിത ബാല വികസന പദ്ധതി - 207 കോടി
- ഇന്ദിര ആവാസ് യോജന - 189 കോടി
- ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി - 143 കോടി
- രാജീവ് ഗാന്ധി ഗ്രാമീകരണ വൈദ്യുതീകരണ പദ്ധതി - 90 കോടി
- പ്രധാനമന്ത്രി ഗ്രാമീണ റോഡ് നിർമാണ പദ്ധതി - 7,72 കോടി
- ജവഹർലാൽ നെഹ്റു ദേശീയ നഗര വികസന പദ്ധതി - 51 കോടി
- സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - 25 കോടി
- സമ്പൂർണ്ണ ശുചിത്വ പ്രചാരണ പദ്ധതി - 19 കോടി
- ആക്സിലറേറ്റഡ് ഇറിഗേഷൻ - 7 കോടി




**കൊല്ലം**

- കൊല്ലം ബൈപാസ് - 267 കോടി
- കൊല്ലം ഇരുമ്പുപാലം - 11 കോടി
- ഇന്ത്യൻ റെയർ എർത്ത് (IRE)- 67.5 കോടി
- ഇ. എസ്. ഐ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എഴുകോൺ 40 കോടി.
- കൊല്ലം - പുനലൂർ ബ്രോഡ്ഗേജ് പദ്ധതി.
- ഇ. എസ്. ഐ മെഡിക്കല്‍ഡ കോളേജ് പാരിപ്പള്ളി. 500 കിടക്കകളുള്ള ഈ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് 480 കോടി.
- ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി (EFLU) പത്തനാപുരം - 72 കോടി.
- ചവറ കെ. എം. എം. എൽ ടൈറ്റാനിയം സ്പോഞ്ച് സംയുക്ത സംരംഭം - 2, 500 കോടി.





കുട്ടനാട്

**ആലപ്പുഴ**

- ആലപ്പുഴ മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി - 150 കോടി.
- നാഷണൽ പവർട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരളത്തിലെ ആദ്യകേന്ദ്രം പള്ളിപ്പുറത്ത്, എൻജിനീയറിംഗ്, മാനേജ്മെന്റ്, ഡിപ്ലോമ കോഴ്സുകളിലായി 1,000 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം - 57.85 കോടി.
- ആലപ്പുഴ മെഗാടൂറിസം സർക്യൂട്ട് പദ്ധതി - 47.62 കോടി.
- തുറവൂർ - പമ്പ പാത നിർമ്മാണം - 49.5 കോടി
- തീരസംരക്ഷണത്തിന് പുലിമുട്ടുകൾ - 56 കോടി
- അർത്തുങ്കലിൽ പുതിയ മത്സ്യബന്ധന തുറമുഖം - 50 കോടി
- കേന്ദ്രസർക്കാറിന്റെ സമഗ്രനാളികേര വികസന പദ്ധതിയിൽ ആലപ്പുഴയും. ചന്തിരൂർ മാലിന്യസംസ്കരണ പ്ലാന്റിന് 12 കോടി.
- കാൻസർ ചികിത്സായൂണിറ്റിന് 18 കോടി.
- കുട്ടനാട് സമഗ്ര കുടിനീർ പാക്കേജ് - 204 കോടി
- ആലപ്പുഴ കുടിവെള്ള പദ്ധതി - 146 കോടി
- തുറവൂർ-പമ്പ റോഡ് നിർമ്മാണം - 49.5 കോടി
- ഐ ടി ഐ ഇൻസ്ട്രക്ടർമാർക്ക് പരിശീലനം നല്കുന്ന അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ചെങ്ങന്നൂരിൽ - 30 കോടി
- കുട്ടനാട് പാക്കേജ് - 1, 840 കോടി.



സയൻസ് സിറ്റി കുറവിലങ്ങാട്

**പത്തനംതിട്ട**

- കേന്ദ്രസർവകലാശാലയുടെ സെൻട്രൽ കാമ്പസ് തിരുവല്ലയിൽ.
- ഇൻഡോർ സ്റ്റേഡിയം - 6 കോടി
- ശബരിമല വികസനത്തിന് പെരിയാർ ടൈഗർ റിസർവ് വനത്തിൽ നിന്ന് 12.67 ഹെക്ടർ സ്ഥലം വിട്ടുതന്നു.
- നിലയ്ക്കലിൽ ഫാമിംഗ് കോർപറേഷന്റെ പക്കലുണ്ടായിരുന്ന 110 ഹെക്ടർ വനഭൂമി ബേസ് ക്യാമ്പ് നിർമാണത്തിനു വിട്ടുതന്നു.

**കോട്ടയം**

- പട്ടികജാതി/പട്ടികവർഗ വിഭാഗത്തിനുള്ള ഏകലവ്യമോഡൽ സ്കൂൾ തലനാട് - 16 കോടി
- നാഗമ്പടത്ത് ഇൻഡോർ സ്റ്റേഡിയം
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് മുത്തോലി - 12 കോടി
- റീജണൽ വൊക്കേഷണൽ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റുമാനൂർ - 30 കോടി
- കുറിച്ചി ഹോമിയോ റിസർച്ച് സെന്റർ ഓഫ് എക്സലൻസ് - 20 കോടി
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന് (IIMC) പുതിയ മേഖലാ കേന്ദ്രം - 25 കോടി
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (ട്രിപ്പിൾ ഐടി) പാലാ വലവൂരിൽ - 128 കോടി
- സയൻസ് സിറ്റി കുറവിലങ്ങാട്. രാജ്യത്തെ നാലാമത്തെ സ്ഥാപനം - 100 കോടി.

**എറണാകുളം**

- നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം - 45 കോടി
- ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസ് കൊച്ചിയിൽ
- കേന്ദ്ര വെയർഹൗസിംഗ് കോർപറേഷൻ മേഖലാ ഓഫീസ് - 12 കോടി
- കൊച്ചി ഫിഷിംഗ് ഹാർബർ - 11.20 കോടി
- ഇ എസ് ഐ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പെരുമ്പാവൂർ - 100 കോടി
- അങ്കമാലി - ശബരി പാത - 1200 കോടി
- വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ - രാജ്യത്തെ പ്രഥമ രാജ്യാന്തര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന് 2,500 കോടി.
- കൊച്ചി മെട്രോ - 5,181 കോടി. കേന്ദ്രവിഹിതം 1,002 കോടി.
- എൽ എൻ ജി പദ്ധതി - 4,500 കോടി രൂപയുടെ കൊച്ചി എൽ എൻ ജി പദ്ധതിയിൽ നിന്ന് പ്രതിവർഷം 50 ലക്ഷം ടൺ പ്രകൃതി വാതകം വിതരണം ചെയ്യും.
- ബി പിസി എൽ റിഫൈനറി - 20,000 കോടി. കൊച്ചി റിഫൈനറി വിപുലീകരണത്തിലൂടെ കേരളത്തിന് ആവശ്യമായ പാചകവാതകം ഇവിടെനിന്നു ലഭിക്കും.



ബി.പി.സി.എൽ. റിഫൈനറി

- ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ (BEL) ഉല്പന്ന സപ്പോർട്ട് കേന്ദ്രം - 10 കോടി
- 8.052 മത്സ്യത്തൊഴിലാളികൾക്ക് 248 കോടി, 50 മത്സ്യ മാർക്കറ്റുകൾ ആധുനികവത്ക്കരിക്കാൻ 100 കോടി.
- കളമശേരി എച്ച്. എം. ടി - 143 കോടി സബ്സിഡി.
- എഫ്. എ. സി. ടി - 143 കോടി.

**തൃശൂർ**

- തൃശൂർ -പൊന്നാനി സമഗ്ര കോൾ വികസനപദ്ധതി-429 കോടി
- മണ്ണുത്തി കാർഷിക സർവകലാശാല - 100 കോടി
- ആയുർവ്വേദ ഗവേഷണ കേന്ദ്രം കെയർ കേരള- 18 കോടി.



- മറൈൻ ഇൻസ്റ്റിറ്റ്യൂട്ട് കൊടുങ്ങല്ലൂർ
- അതിരപ്പള്ളി ടൂറിസം - 3 കോടി.
- കലാമണ്ഡലത്തിന് സമ്പൂർണ്ണ ഡീംസ് സർവകലാശാലാ പദവി. ദക്ഷിണേന്ത്യൻ നടന കലകളുടെ സംരക്ഷണവും പ്രചാരണവും.
- പുര (PURA) പദ്ധതി തുടങ്ങാൻ രാജ്യത്ത് തെരഞ്ഞെടുത്ത 14 പഞ്ചായത്തുകളിൽ തളിക്കുളവും.

**മലപ്പുറം**

- കുറ്റിപ്പുറം - പുതുപൊന്നാനി എൻ. എച്ച് ബൈപാസിന് 58 കോടി. പഴയ എൻ. എച്ചിന്റെ നവീകരണത്തിന് 17 കോടി.
- തവനൂർ സാന്ത്വനസമുച്ചയത്തിന് 34.50 കോടി.
- തീരദേശ കോറിഡോറിന്റെ ഭാഗമായി പൊന്നാനി - ഈശ്വരമംഗലം മുതൽ പരപ്പനങ്ങാടി വരെയുള്ള റീച്ചിന് 117 കോടി.
- ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി (EFLU)
- പാസ്പോർട്ട് ഓഫീസ്.
- കാലിക്കട്ട് സർവകലാശാലയിൽ സിന്തറ്റിക് ട്രാക്ക്.
- കരിപ്പൂർ വിമാനത്താവളത്തിന് രണ്ടാം ടെർമിനൽ - 300 കോടി.
- ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് (IDMI) ഫണ്ടിൽ നിന്ന് 50 കോടി.



വിദ്യുത് തരംഗം

- ചെറുകിട ഇടത്തരം പട്ടണങ്ങളുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കാനുള്ള പദ്ധതി (UIDSSMT)യിൽ നിന്ന് മലപ്പുറം മുനിസിപ്പാലിറ്റിക്ക് 124.98 കോടി; മഞ്ചേരി മുനിസിപ്പാലിറ്റിക്ക് 85.8 കോടി.
- അലിഗഡ് മുസ്ലിം സർവകലാശാലയുടെ കാമ്പസ് സെന്റർ 336 ഏക്കറിൽ 140 കോടി.
- പുര (PURA) പദ്ധതി തുടങ്ങാൻ രാജ്യത്ത് തെരഞ്ഞെടുത്ത 14 പഞ്ചായത്തുകളിൽ തിരൂരങ്ങാടിയും.

**കോഴിക്കോട്**

- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസിന് () 30 കോടി.
- മെഡിക്കൽ കോളേജിന് 120 കോടി.
- ഫുട്വെയർ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് - 300 കോടി.
- കേന്ദ്രവികലാംഗ ഇൻസ്റ്റിറ്റ്യൂട്ട് - 15 കോടി.
- ബി. എസ്. എഫ് കേന്ദ്രം - 300 കോടി.
- സി. ആർ. പി. എഫ് പരിശീലന കേന്ദ്രം - 100 കോടി.
- ഇന്ദിരാഗാന്ധി ഓപ്പൺ സർവകലാശാലയുടെ വടകര പ്രാദേശിക കേന്ദ്രം - 5 കോടി.
- പ്രതിരോധ കപ്പൽ നിർമാണ രൂപരേഖാ യൂണിറ്റ് - 600 കോടി.
- സെയിലുമായി ചേർന്ന് സ്റ്റീൽ കോംപ്ലക്സിന്റെ വിപുലീകരണം - 17 കോടി.

**കണ്ണൂർ**

- കണ്ണൂർ സ്പിന്നിംഗ് മിൽസ് നവീകരണം - 70 കോടി
- ഐക്കര മാപ്പിള ഫിഷിംഗ് ബേ ഫിഷിംഗ് ഹാർബർ - 6.78 കോടി.
- മുണ്ടയാട് സ്പോർട്സ് കോംപ്ലക്സ് - 24.40 കോടി.
- സെന്റ് ആഞ്ചലോസ് ഫോർട്ട് ലൈറ്റ് ആൻഡ് സൗണ്ട് ഷോ - 3.58 കോടി.
- തലശേരി ബ്രണ്ണൻ കോളജിൽ സിന്തറ്റിക് ട്രാക്ക്.
- ഡെപ്യൂട്ടി ലേബർ വെൽഫെയർ കമ്മീഷണർ ഓഫീസ്.
- ശ്രീകണ്ഠപുരത്ത് 15 ഏക്കറിൽ ഡെയറി പ്ലാന്റ്.
- ഇന്ത്യൻ നേവൽ അക്കാഡമി ഏഴിമല - 1,120 കോടി.
- കണ്ണൂർ വിമാനത്താവളത്തിന് ആഭ്യന്തര, സിവിൽ വ്യോമയാന, വനം -പരിസ്ഥിതി മന്ത്രാലയങ്ങളുടെ അനുമതി.
- ഇന്ത്യൻ കോസ്റ്റ് ഗാർഡ് അക്കാദമി അഴിക്കൽ 931 കോടി.

**വയനാട്**

- വെറ്ററിനറി സർവകലാശാല - 100 കോടി.
- ന്യൂനപക്ഷങ്ങൾക്കു വേണ്ടിയുള്ള വിവിധ പരിപാടികൾ (M S D P) - 55 കോടി.
- കുരുമുളക് പാക്കേജ് - 52 കോടി
- കാപ്പി പാക്കേജ് - 52 കോടി.
- കാട്ടുനായ്ക്കർ അടക്കമുള്ള ആദിവാസികൾക്ക് 100 കോടി.
- പിന്നാക്ക മേഖലാ സഹായനിധി ( BRGF). ഈ പദ്ധതിക്കായി തെരഞ്ഞെടുത്ത 250 ജില്ലകളിൽ വയനാടും.
- മഹാത്മാഗാന്ധി തൊഴിലുറപ്പ്



പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്ത ആദ്യ ജില്ലകളിലൊന്ന്.

**പാലക്കാട്**

- B E M L-ന്റെ പുതിയ യൂണിറ്റ്. പ്രതിരോധവകുപ്പിനും ഇന്ത്യൻ റെയിൽവേയ്ക്കും ഉപകരണങ്ങൾ നൽകുന്നു. 160 കോടിയുടെ പദ്ധതി.
- റെയിൽ കോച്ച് ഫാക്ടറി - 239 ഏക്കർ ഭൂമി നൽകി. 2012 ൽ തറക്കല്ലിട്ടു.

**ഇടുക്കി**

- ഇടുക്കി പാക്കേജ് - 751 കോടി.

**കാസർകോട്**

- ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സിന്റെ (HAL) പുതിയ യൂണിറ്റ്. 196 ഏക്കറിൽ 80 കോടിയുടെ പദ്ധതി.
- കേന്ദ്ര സർവകലാശാല - 310 ഏക്കറിൽ പെരിയയിൽ. 357 കോടി.

മനു

# ഓരോ സംസ്ഥാനത്തിനും ഓരോ പ്രധാനമന്ത്രി!

അങ്ങനെ ലോകസഭാ തിരഞ്ഞെടുപ്പ് അടുത്തതോടെ കഴിഞ്ഞ കാലത്തുണ്ടായപോലെ മൂന്നാംമുന്നണി അതിന്റെ പടപ്പുറപ്പാട് അറിയിച്ചു. പുറപ്പാടിനു മുമ്പുള്ള കുഴലൂത്ത് ആരംഭിച്ചത് ശ്രീമാൻ പ്രകാശ് കാരാട്ട്ജി അഴിമതിയെന്ന് കേട്ടാൽ ചോര തിളയ്ക്കുന്ന ശ്രീമതി ജയലളിതാജിയെ അമ്മാവു പാർക്കുന്ന 'പോയ്സ് ഗാർഡനിലെ വസതിയിൽ നേരിട്ട് പോയി കണ്ട് പൂക്കുട കൈമാറിയതോടെയാണ്.

ഉഭയകക്ഷി ചർച്ചയിൽ പുരട്ച്ചി തലൈവി ഉന്നയിച്ച ഒരേയൊരു ആവശ്യം തന്നെ മൂന്നാം മുന്നണിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കണം എന്നതായിരുന്നു. അത് കേട്ട് കാരാട്ട്ജിയ്ക്ക് ഉരുണ്ടുകൂടിയ ചിരി കടിച്ചമർത്താൻ പെട്ടപാട് ചെറുതല്ല. 'എത്ര സുന്ദരമായ നടക്കാത്ത സ്വപ്നം' എന്നു പറയാൻ തോന്നിയെങ്കിലും പണിപാളിയാലോ എന്നോർത്ത് പറഞ്ഞില്ല. മുൻ പ്രധാനമന്ത്രി ദേവഗൗഡജി, മുലായംസിംഗ്ജി, നിതീഷ് കുമാർജി, ശരത് യാദവ് ജി, നവീൻ പഡ്നായിക്ജി..... അങ്ങനെ എണ്ണിയാലൊടുങ്ങാത്തതാണ് മൂന്നാം മുന്നണിയിലെ ഭൈമികാമുകരുടെ എണ്ണം.

മൂന്നാം മുന്നണിയും കേന്ദ്ര ഭരണവും ഒന്നുമല്ല കാരാട്ട്ജിയെ വലയ്ക്കുന്ന പ്രശ്നം. ദേശീയ പാർട്ടി എന്ന സ്ഥാനം ഈ തിരഞ്ഞെടുപ്പ് കഴിയുന്നതോടെ സി. പി. എം ന് പോയി കിട്ടുമോ എന്നാണ് ആധി. സംസ്ഥാന പാർട്ടിക്ക് വേണ്ട യോഗ്യതയായ 8% വോട്ട് നാല് സംസ്ഥാനങ്ങളിലെങ്കിലും തികച്ചുണ്ടായാലെ ദേശീയ പാർട്ടിയായി അംഗീകാരം കിട്ടൂ. അതല്ലെങ്കിൽ നാലു സംസ്ഥാനങ്ങളിൽ അതാത് സംസ്ഥാനത്തെ ആകെ ലോകസഭാ സീറ്റുകളിൽ നാലു ശതമാനത്തിലെങ്കിലും വിജയം നേടണം. തിരഞ്ഞെടുപ്പ് കമ്മീഷൻ ഉണ്ടാക്കി വയ്ക്കുന്ന ഓരോരോ 'തൊന്തരവുകളേ......'

കേരളത്തിലെ സ്ഥിതി പരമദയനീയമാകുമ്പോൾ ചെറിയ പ്രതീക്ഷ ത്രിപുരയിൽ മാത്രമാണ്. 34 വർഷം തുടർച്ചയായി ഭരിച്ചതോടെ വോട്ടർമാരെല്ലാം 'ബൂർഷ്വ'കളായി തീർന്ന പശ്ചിമബംഗാളിൽ കാര്യം ഇത്തിരി കടുക്കും. അവിടെ കഷ്ടി കഴിച്ചിലാക്കിയാൽ തന്നെ, പിന്നെയും വേണം ഒരു സംസ്ഥാനത്തിന്റെ കൂടി പിൻബലം. മേൽപ്പറഞ്ഞ മൂന്നിടം കഴിഞ്ഞാൽ പിന്നെ ചുവന്നകൊടി പിടിക്കുന്നതോ റെയിൽവേ സ്റ്റേഷൻ മാസ്റ്റർമാർ മാത്രമാണ്. 2009-ലെ തിരഞ്ഞെടുപ്പിൽ മത്സരിച്ച 82 സീറ്റിൽ

"അർഹിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേക പദവി നൽകി യഥാർത്ഥ ഫെഡറൽ സംവിധാനം ഉറപ്പാക്കും" എന്നതാണ് മൂന്നാം മുന്നണിയുടെ വാഗ്ദാനം. അതായത് മൂന്നാം മുന്നണി ഭരണത്തിലേറിയാൽ ഓരോ സംസ്ഥാനത്തിനും ഓരോ പ്രധാനമന്ത്രിയെ വീതം ലഭിക്കും. അപ്പോൾ ആർക്കും പരാതി ഉണ്ടാവില്ലല്ലോ. എല്ലാ പ്രധാനമന്ത്രിപദ മോഹികൾക്കും കിട്ടും ഓരോ കുപ്പായം.



പാഴായ പൂക്കുട




66-ലും പൊട്ടി. അന്ന് ദേശീയ പാർട്ടിപദം കൈവിടാഞ്ഞത് തമിഴ് മണ്ണിൽ നിന്നു കിട്ടിയ ഒരു സീറ്റുകൊണ്ടാണ്. ആ പിന്തുണ ജയലളിതാജിയിൽ നിന്നും ഇപ്പോഴും കിട്ടുമെന്നായിരുന്നു പ്രതീക്ഷ. കഴിഞ്ഞ തവണ മൂന്നിടത്താണ് മത്സരിച്ചത്. ഇപ്പോൾ നാല് സീറ്റ് ആവശ്യപ്പെട്ടത്. ജയസാധ്യതയുള്ള ഒരെണ്ണമെങ്കിലും കിട്ടുകയായിരുന്നു ലക്ഷ്യം. പക്ഷെ പ്രധാനമന്ത്രി സ്ഥാനാർത്ഥി പദത്തിന്റെ കാര്യത്തിൽ തീരുമാനമാകാത്തതിനാൽ ജയലളിതാജി രായ്ക്കുരാമാനം തമിഴ്നാട്ടിലെ മുഴുവൻ സ്ഥാനാർ ത്ഥികളെയും പ്രഖ്യാപിച്ചുകളഞ്ഞു. സി. പി. എം ഔട്ട്.

കാര്യങ്ങളിങ്ങനെ കലങ്ങി മറിയുന്നതിനിടയിലാണ് മൂന്നാം മുന്നണിയുടെ പെരുന്തച്ചന്മാരുടെ സമ്മേളനം ഫെബ്രവരി 26 ന് ദില്ലിയിൽ നടന്നത്. 11 പാർട്ടികൾ പങ്കെടുത്തു. 2013 നവംബറിൽ ചേർന്ന കൂട്ടായ്മയിൽ 17 പാർട്ടികളുണ്ടായിരുന്നു. തിരഞ്ഞെടുപ്പ് അടുത്തു വരുന്നതോടെ എണ്ണം എത്ര കണ്ട് കുറയുമെന്ന് കണ്ട് തന്നെ അറിയണം. ഈ തക്കിട തരികിട പരിപാടിക്കിടെ മൂന്നാം മുന്നണി മുന്നോട്ടുവച്ച തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളാണ് ഏറെ വിശേഷം. ഒക്കെറ്റിലും മുന്തിയത്.

''അർഹിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേക പദവി നൽകി യഥാർത്ഥ ഫെഡറൽ സംവിധാനം ഉറപ്പാക്കും" എന്ന ഉറപ്പാണ്. അതായത് മൂന്നാം മുന്നണി ഭരണത്തിലേറിയാൽ ഓരോ സംസ്ഥാനത്തിനും ഓരോ പ്രധാനമന്ത്രിയെ വീതം ലഭിക്കും. അപ്പോൾ ആർക്കും പരാതി ഉണ്ടാവില്ലല്ലോ. എല്ലാ പ്രധാന മന്ത്രിപദ മോഹികൾക്കും കിട്ടും ഓരോ കുപ്പായം. ഇനി ഫെഡറലുകൾക്ക് എല്ലാം കൂടി ഒരു കേന്ദ്രീകൃത വ്യവസ്ഥ ആവശ്യമെങ്കിൽ അതിനുള്ള 'തലൈവനെ' ഭരണം കിട്ടികഴിഞ്ഞ് നിശ്ചയിക്കും പോൽ'

ഇതുകേട്ട്, പോയ്സ് ഗാർഡനിൽ പ്രകാശ് ,കാരാട്ട് അമർത്തിയ ചിരി വിടരുതെന്ന് വോട്ടർമാരിലാകെയാണ്. "പാവം, പാവം കാരാട്ട്ജി ദേശീയ പാർട്ടി പദവി കക്ഷത്തൂന്ന് പോകാതിരിക്കാനുള്ള അതിയാൻെറ ഒരു പെടാപ്പാട് നോക്കണേ...."



# വൈദ്യുതി ഉപയോഗം റെക്കോർഡിൽ 1000 മെഗാവാട്ടിന്റെ കുറവു നികത്തുക വെല്ലുവിളി

**വേ**നൽമാസങ്ങളുടെ തുടക്കത്തിൽത്തന്നെ സംസ്ഥാനത്തു വൈദ്യുതി ഉപയോഗത്തിൽ ആയിരം മെഗാവാട്ടിന്റെ ലഭ്യതക്കുറവ്. വരും മാസങ്ങളിൽ വേനൽ കൂടുകയും ഉപയോഗം ഇനി ഉയരുകയും ചെയ്യുമ്പോൾ പവർകട്ട് ഒഴിവാക്കുക സംസ്ഥാനത്തിനു വെല്ലുവിളിയാകും. കഴിഞ്ഞ ബുധനാഴ്ച പരമോപയോഗ നേരത്തു (പീക്ക് അവർ) സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം റെക്കോർഡിലെത്തി-3600 മെഗാവാട്ട്! മാത്രവും ഉൽപാദനമാകട്ടെ മാത്രവും. 1000 മെഗാവാട്ടിന്റെ കുറവ് എങ്ങനെ നികത്തുമെന്നതാണു പ്രശ്നം. ഉത്തരേന്ത്യയിൽ നിന്നു വൈദ്യുതി കൊണ്ടുവരാൻ പവർഗ്രിഡ് കോർപറേഷന്റെ ലൈൻ ആവശ്യപ്പെട്ടു കേന്ദ്ര വൈദ്യുതി റഗുലേറ്ററി ട്രൈബ്യൂണലിനു പരാതി നൽകിയിട്ടുണ്ട്. പുറമെ ഹൈക്കോടതിയിൽ കേസ് നൽകി മാർച്ച് അവസാനിക്കും മുമ്പ് ഇക്കാര്യത്തിൽ തീരുമാനം അറിയിക്കണമെന്ന വിധിയും സമ്പാദിച്ചു.

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന ജലവൈദ്യുതി 1500 മെഗാവാട്ടും കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി 1100 മെഗാവാട്ടും ചേർന്നാൽ 2600 മെഗാവാട്ട് ആകും. ബാക്കി 1000 മെഗാവാട്ടിന്റെ കുറവു നികത്താൻ രണ്ടു ദീർഘകാല കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്.

എൻ ടി പി സിയുടെ ഉപകമ്പനിയുമായി 400 മെഗാവാട്ടിന് ഏഴു വർഷ 400 മെഗാവാട്ടിന് ഏഴുവർഷ കരാറും ടാറ്റ ദാമോദർവാലി പ്രോജക്ടുമായി 125 മെഗാവാട്ടിന് 25 വർഷത്തെ കരാറും. ആദ്യത്തേതിൽ വൈദ്യുതി യൂണിറ്റിനു നാലര രൂപയും രണ്ടാമത്തേതിൽ മൂന്നേകാൽ രൂപയും മാത്രമേ വിലയുള്ളൂ. പക്ഷേ, വൈദ്യുതി കൊണ്ടുവരാൻ പ്രസാരണലൈൻ വേണം. പവർഗ്രിഡ് കോർപറേഷൻ മഹാരാഷ്ട്രയിലെ ഷോലാപ്പൂരിൽ നിന്നു കർണാടകയിലെ റയ്ച്ചൂരിലേക്കു 765 കെവി ലൈൻ കമ്മിഷൻ ചെയ്തിട്ടുണ്ട്.

പക്ഷേ, വൈദ്യുതി പ്രസരണം ആരംഭിച്ചിട്ടില്ല. ആറു മാസം വേണമെന്നാണു പവർഗ്രിഡ് കോർപറഷൻ അധികൃതരുടെ വാദം. ഇതിനെതിരെയാണു സംസ്ഥാനം കേന്ദ്ര വൈദ്യുതി റഗുലേറ്ററി അതോറിറ്റിയെ സമീപിച്ചതും തീരുമാനം ഒരു മാസത്തിനകം വേണമെന്ന ഹൈക്കോടതി വിധി സമ്പാദിച്ചതും. കൂടംകുളം വൈദ്യുതി നിലവിൽ 55 മെഗാവാട്ട് വരെ ലഭിക്കുന്നുണ്ട്. അവിടെ നിന്നു കേരളത്തിലേക്കുള്ള പ്രസാരണ ലൈൻ പുനലൂർ വരെയെത്തി നിൽക്കുകയാണ്.

വളഞ്ഞ വഴിയിൽ കൂടിയാണു വൈദ്യുതി കൊണ്ടുവരുന്നത്. അതുമൂലം 10% വരെ പ്രസാരണ നഷ്ടമുണ്ട്. കൂടംകുളം വിഹിതം വർധിച്ചാൽ പ്രസാരണലൈൻ പൂർത്തിയാവാതെ വൈദ്യുതി ലഭിക്കില്ല.

കൂടുതൽ വിലകൊടുത്തു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നു വൈദ്യുതി വാങ്ങേണ്ടി വന്നാൽ വൻ നഷ്ടമാകും. നിലവിൽ യൂണിറ്റിനു 13.21 രൂപ വരെയാണു താപവൈദ്യുതി നിരക്ക്. ഈ തുകയ്ക്കു വാങ്ങി അതിന്റെ നാലിലൊന്നു വിലയ്ക്കു കേരളത്തിൽ വിൽക്കാൻ തുടങ്ങിയാൽ വൈദ്യുതി ബോർഡ് വീണ്ടും പ്രതിസന്ധിയിലാകും. പരമോപയോഗ സമയത്തു വൈദ്യുതി ഉപയോഗം നിയന്ത്രിക്കുക മാത്രമാണ് പോംവഴി. അല്ലെങ്കിൽ ഉത്തരേന്ത്യയിൽ നിന്നുള്ള പ്രസരണലൈനിൽ വൈദ്യുതി കൊണ്ടുവരാൻ അനുകൂല തീരുമാനം ഉണ്ടാവണം.

## ഊർജ്ജസംരക്ഷണ പ്രവർത്തനം കാലഘട്ടത്തിന്റെ അത്യാവശ്യം : കെ. മുഹമ്മദലി റാവുത്തർ




സേവ് എനർജി ഇന്നോവേറ്റീവിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഊർജ്ജ സംരക്ഷണ പരിപാടിയുടെ ഭാഗമായുള്ള സംസ്ഥാനതല പരിശീലന പരിപാടി ഡിസ്ട്രിബ്യൂഷൻ ആൻഡ് ജനറേഷൻ ഡയറക്ടർ കെ. മുഹമ്മദലി റാവുത്തർ ഉത്ഘാടനം ചെയ്യുന്നു.

# പാർട്ടി സ്കൂളിൽ മൻമോഹന് കയ്യടി

ഇന്ത്യൻ ഇടതുപക്ഷത്തിനു നവ ഉദാരവൽക്കരണത്തിന്റെ അപ്പോസ്തലനാണെങ്കിലും മൻമോഹൻ സിംഗിനു കമ്മ്യൂണിസ്റ്റ് ചൈനയുടെ പാർട്ടി സ്കൂളിൽ കയ്യടി. ചൈന ഭരണകൂടത്തിലെ ഉന്നത ഉദ്യോഗസ്ഥർക്ക് പാർട്ടി വിദ്യാഭ്യാസവും ഭരണ പരിശീലനവും നൽകാനുള്ള സ്ഥാപനമായ സെൻട്രൽ പാർട്ടി സ്കൂളിൽ ഭാവി ചൈനയുടെ ഉന്നത നേതാക്കളാകാനുള്ളവരുടെ വൻ നിരയെയാണ് പ്രധാനമന്ത്രി അഭിസംബോധന ചെയ്തത്. പുതിയ കാലത്തെ ഇന്ത്യയും ചൈനയെയും കുറിച്ച് പറയാൻ ഇതിനെക്കാൾ നല്ല വേറൊരു വേദിയില്ലെന്ന് പറഞ്ഞാണ് പ്രസംഗം തുടങ്ങിയത്. ഒരു മണിക്കൂറായിരുന്നു പാർട്ടി സ്കൂളിൽ മൻമോഹന്റെ പ്രസംഗം.

സഹകരണത്തിന് എട്ട് മേഖലകളും ഏഴ് പ്രയോഗിക തത്വങ്ങളും അദ്ദേഹം മുന്നോട്ട് വച്ചു. തുറന്ന സമ്പദ് വ്യവസ്ഥയുടെ ഏറ്റവും വലിയ ഗുഭോക്താക്കളാണ് ഇന്ത്യയും ചൈനയുമെന്ന് മൻമോഹൻ പറഞ്ഞു. ചരിത്ര വേഗത്തിലുള്ള സാമൂഹിക സാമ്പത്തിക മാറ്റങ്ങളിലൂടെയാണ് ഇരു രാജ്യങ്ങളും കടന്ന് പോകുന്നത്. ചൈന കഴിഞ്ഞാൽ അതിവേഗ വളർച്ച നേടിക്കൊണ്ടിരിക്കുന്ന വൻരാജ്യം ഇന്ത്യയാണ്. ഉത്പ്പാദന മേഖലയിൽ ചൈനയും സേവന മേഖലയിൽ ഇന്ത്യയും മുദ്ര പതിപ്പിച്ചു കഴിഞ്ഞു.

ജനാധിപത്യപരമായ രീതിയിൽ വാത പ്രതിവാദവും തുടർന്നുള്ള രാഷ്ട്രീയ സമന്വയവും വഴി ജന പിന്തുണയോടെയാണ് ഇന്ത്യ പരിഷ്ക്കരണ നടപടികൾ നടപ്പാക്കിയതെന്ന് പ്രധാനമന്ത്രി എടുത്ത് പറഞ്ഞത് സദസ്സിന് കാണണമെന്നില്ല. ജനാധിപത്യം ഇവിടെ പഠന വിഷയം പോലുമല്ല. വിപണിയുടെ വാതിലുകളേ തുറന്നിട്ടുള്ളു, ചൈനയിൽ വൻമതിലുകൾ ബാക്കിയാണ്.

ഇന്ത്യാ ചൈന സഹകരണത്തിന് എട്ട് മേഖലകൾ പ്രധാനമന്ത്രി



നിർദ്ദേശിച്ചതിൽ അടിസ്ഥാന സൗകര്യ വികസനമാണ് ആദ്യത്തേത്. അതിന് ചൈനയുടെ നിക്ഷേപം അദ്ദേഹം സ്വാഗതം ചെയ്തു. ഗ്രാമ നഗര അന്തരം കുറയ്ക്കാൻ കൃഷി ഉൽപ്പാദനം കൂട്ടുകയാണ് രണ്ടാമത്തേത്. ജലലഭ്യതയിലും മാലിന്യ സംസ്കരണത്തിലും ശ്രദ്ധിക്കണം. ഉൽപ്പാദന രംഗത്ത് ചൈനയുടെ വൈദഗ്ധ്യവും സേവന മേഖലയിൽ ഇന്ത്യയുടെ കരുത്തും പരസ്പരം ബന്ധിപ്പിക്കുകയാണ് മൂന്നാമത്തേത്. ബദൽ ഊർജ്ജ മാർഗങ്ങൾ വികസിപ്പിക്കുക, ഭക്ഷ്യ സുരക്ഷയ്ക്ക് വിഭവങ്ങളും വൈദഗ്ധ്യവും പങ്കുവയ്ക്കുക., മേഖലാതല സാമ്പത്തിക സഹകരണം, പരിസ്ഥിതി സംരക്ഷണം, പശ്ചിമേഷ്യയിലും ഗൾഫിലും സമാധാനത്തിനായും ഭീകരതയ്ക്കെതിരെയും യോജിച്ച് പ്രവർത്തിക്കുക തുടങ്ങിയവയാണ് പ്രധാന മന്ത്രി നിർദ്ദേശിച്ച മറ്റ് സഹകരണ മേഖല കൾ.

യോജിച്ചു പ്രവർത്തിക്കുന്നതിന് ഏഴ് പ്രയോഗിക തത്വങ്ങളും പ്രധാന മന്ത്രി നിർദ്ദേശിച്ചു. പഞ്ചശീല തത്വങ്ങളും പ്രധാന മന്ത്രി നിർദ്ദേശിച്ചു. പഞ്ചശീല തത്വങ്ങളോടുള്ള പ്രതിബദ്ധത, അതിർത്തിയിൽ സമാധാനവും അതിർത്തി തർക്ക പരിഹാരവും, വ്യാപാര അസന്തുലനം കുറയ്ക്കലും നദികളുടെ പങ്ക് വയ്ക്കലും നയതന്ത്ര ചർച്ചകളും വിനിമയവും ആഗോള മേഖലാ രാഷ്ട്രീയത്തിൽ നയ ഏകോപനം സാമ്പത്തിക സഹകരണം, ഇരു രാജ്യങ്ങളിലേയും ജനങ്ങൾ തമ്മിൽ പരിചയവും ബന്ധവും വളർത്തുക എന്നിവയാണ് പരസ്പര സഹകരണത്തിന് സിങ് മുന്നോട്ട്വച്ച ഏഴ് തത്വങ്ങൾ.

പ്രധാന മന്ത്രിയുടെ സന്ദർശനം വൻ വിജയമായിരുന്നുവെന്ന് ചൈനാ വിദേശകാര്യമന്ത്രി വാങ് യി പറഞ്ഞു. സ്കൂളിൽ പ്രധാനമന്ത്രിക്ക് വൻ വരവേൽപ്പാണ് ലഭിച്ചത്.

ഇന്ത്യയിലെ സാമ്പത്തിക പരിഷ്ക്കരണങ്ങളുടെ പിതാവെന്നും പ്രമുഖനായ സാമ്പത്തിക ശാസ്ത്രജ്ഞനെന്നുമാണ് സ്കൂളിന്റെ വൈസ് പ്രസിഡന്റ് ഹെ യിദിങ് വിശേഷിപ്പിച്ചത്.

വിശാലയായ വളപ്പിൽ വമ്പൻ കെട്ടിട സമുച്ചയങ്ങളിലാണ് പാർട്ടി സ്കൂൾ. കർശനമാണ് സുരക്ഷാ പരിശോധന. ക്ലാസ്സുകൾ മാത്രമല്ല, കായികാധ്വാനം വേണ്ട ജോലിയുമുണ്ട് പഠിതാക്കാൾക്കിവിടെ. എത്ര ഉന്നതനായാലും പഠിക്കാൻ എത്തുന്നവർ ഇവിടെ പാർട്ടിക്കുട്ടി മാത്രം.

ഇന്ത്യയിലേക്കു മടങ്ങുംമുമ്പ് മുൻ പ്രധാനമന്ത്രി വെൻ ജി യാബാവോ പ്രധാനമന്ത്രിക്ക് വിരുന്ന് നൽകി.

# എട്ടുകാലി മമ്മൂഞ്ഞിന് നല്ല നമസ്കാരം

അവർ പിന്നെയും 'കഴിവ്' തെളിയിച്ചു. ആരാന്റെ കുഞ്ഞിന്റെ പിതൃത്വം ഏറ്റെടുക്കുന്ന ആ പഴയ പണിയിൽ തന്നെ. ആൾബലമില്ലെങ്കിലെന്ത്? പേരിനെങ്കിലും ഒരു സംഘടനാ സംവിധാനം ഇല്ലെങ്കിലെന്ത്? കഴിഞ്ഞുകൂടുന്ന മഹാപ്രസ്ഥാനത്തിന്റെ തണലിന്റെ ബലത്തിൽ ആർക്കും ആളാകാമല്ലോ. നൈറ്റ് ഡ്യൂട്ടി സംബന്ധിച്ച് 12-3-2014 ൽ ബോർഡിറക്കിയ പരിപത്രം ഫീൽഡ് ജീവനക്കാരിലാകെ ആശങ്കയുണർത്തി. ജീവനക്കാരുടെ ഏത് പ്രശ്നത്തിലും ഇടപെട്ട് അതിനു പരിഹാരം കാണും വരെ പൊരുതുന്ന പ്രസ്ഥാനമായ ഇലക്ട്രിസിറ്റി എംപ്ലോയിസ് കോൺഫെഡറേഷൻ (ഐ. എൻ. റ്റി. യു. സി) പ്രസ്തുത പരിപത്രത്തിനെതിരെ പ്രതികരിച്ചു.മന്ത്രിയെയും ചെയർമാനെയും അതിലെ പിഴവു ബോധ്യപ്പെടുത്തി. അതേ തുടർന്ന് 22-3-2014 തീയതി പ്രസ്തുത പരിപത്രം പിൻവലിച്ചുകൊണ്ടുള്ള വിജ്ഞാപനം ബോർഡ് പുറപ്പെടുവിച്ചു. വിജ്ഞാപനത്തിൽ കോൺഫെഡറേഷൻ നൽകിയ കത്തും പരാമർശിച്ചിട്ടുണ്ട്. ഉടനെത്തി മണ്ണുംചാരി നിന്ന ചിലർ അതിന്റെ ഉടമസ്ഥാവകാശവും ഏറ്റെടുത്ത് പത്ര പ്രസ്താവനയുമായി. ചിലരങ്ങനെയാണ് സ്വന്തമായി ഒന്നും ചെയ്യാനറിയില്ലെങ്കിലും മറ്റുള്ളവരുടെ പ്രയത്നഫലത്തിന്റെ ഉടമകളായി സ്വയം അവരോധിക്കും; ബഷീറിന്റെ കഥാപാത്രമായ എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ.

'ഭരണഭാഷ – മാതൃഭാഷ'

## കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

പേഴ്സണൽ ഡിപ്പാർട്ട്മെന്റ്
വൈദ്യുതി ഭവനം, പട്ടം
തിരുവനന്തപുരം - 695004

ഫോൺ: 0471-2514492, 2514455
e-mail poksеb@gmail.com

നം. പി. എസ്. 1/നൈറ്റ് ഡ്യൂട്ടി ഓഫ്/ 2013 തീയതി: 12.03.2014

## പരിപത്രം

**വിഷയം : വൈദ്യുതി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിൽ പൊതു മാനദണ്ഡം നിശ്ചയിക്കുന്നത് സംബന്ധിച്ച്.**

**സൂചന : –**

1. വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ PSI/Night Duty Off/2013/ 13.06.2013 നമ്പർ ലീഗൽ അഡ്വൈസ്.
2. മാനവവിഭവശേഷി നിർവഹണം ചീഫ് എഞ്ചിനീയറുടെ ജി. ബി7/ജനറൽ/നൈറ്റ് ഡ്യൂട്ടി ഓഫ്/2013/22.10.2013 നമ്പർ കത്ത്.
3. ദക്ഷിണ മേഖല (വിതരണ വിഭാഗം) ചീഫ് എഞ്ചിനീയറുടെ ജി. ബി/ഡി. ഇ (ഡി. എസ്)/ നൈറ്റ് ഡ്യൂട്ടി ഓഫ്/(പി.റ്റി.എ. പ്രസിഡന്റ്)// (പി.റ്റി.എ. പ്രസിഡന്റ് - (പി.റ്റി.എ. പ്രസിഡന്റ്)(പി.റ്റി.എ. പ്രസിഡന്റ്) നമ്പർ കത്ത്.
4. മധ്യ മേഖല (വിതരണ വിഭാഗം) ചീഫ് എഞ്ചിനീയറുടെ (CE (DC)/GB 1/Night Duty/2013-14/2326/07.10.2013 നമ്പർ കത്ത്.
5. WP (C) 10434/2013 (D) നമ്പർ ഹർജിയിൽ ബഹു: കേരള ഹൈക്കോടതി 23.10.2013 - ന് പുറപ്പെടുവിച്ച ഉത്തരവ്.

വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ അവധി ദിനത്തിന്റെ തലേ ദിവസം നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിൽ ആശയക്കുഴപ്പം നിലനിൽക്കുന്നതായി ബോർഡിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചില കാര്യാലയങ്ങളിൽ നൈറ്റ് ഡ്യൂട്ടിയുടെ അടുത്ത ദിനം പ്രവൃത്തി ദിവസമായാൽ ഡ്യൂട്ടി ഓഫ് പ്രസ്തുത ദിവസവും ആയത് അവധി ദിവസമായാൽ മറ്റൊരു പ്രവൃത്തി ദിവസവും അനുവദിക്കുന്ന രീതി പിൻതുടരുമ്പോൾ മറ്റ് കാര്യാലയങ്ങളിൽ നൈറ്റ് ഡ്യൂട്ടിയുടെ തൊട്ടടുത്ത ദിനം പ്രവൃത്തി ദിവസമായാലും അവധി ദിവസമായാലും ഡ്യൂട്ടി ഓഫ് പ്രസ്തുത ദിവസത്തേയ്ക്ക് മാത്രമായി ക്ലിപ്തപ്പെടുത്തി വരുന്നു.

നൈറ്റ് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിലേക്കായി ബോർഡിന്റെ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസറിൽ നിന്ന് നിയമോപദേശവും മാനവ വിഭവ ശേഷി നിർവഹണം, വിതരണ വിഭാഗം (ദക്ഷിണ മേഖല/മധ്യമേഖല/ ഉത്തര മേഖല) ചീഫ് എഞ്ചിനീയർമാരുടെ അഭിപ്രായങ്ങളും നിർദ്ദേശവും ആരാഞ്ഞതിൽ നൈറ്റ് ഡ്യൂട്ടിയുടെ തൊട്ടടുത്ത ദിനം തന്നെ ഡ്യൂട്ടി ഓഫ് അനുവദിക്കണമെന്ന നിയമോപദേശവും നിർദ്ദേശവും ലഭിക്കുകയുണ്ടായി.

വൈദ്യുതി ബോർഡിന്റെ കാര്യാലയങ്ങളിൽ നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് നൈറ്റ് ഡ്യൂട്ടി ഓഫും ഹോളിഡേ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് കോമ്പൻസേറ്ററി ഓഫും ബോർഡ് അനുവദിക്കുന്നില്ല എന്നത് സംബന്ധിച്ച് കേരള ഇലക്ട്രിസിറ്റി എക്സിക്യൂട്ടീവ് സ്റ്റാഫ് ഓർഗനൈസേഷൻ (KEESO) എന്ന തൊഴിലാളി സംഘടന ബഹു: കേരള ഹൈക്കോടതി മുമ്പാകെ WP (C) No. 1043/2013 ആയി ഹർജി സമർപ്പിക്കുകയും ഹർജിക്കാരന്റെ പരാതിയിന്മേൽ നിയമാനുസൃതമായ നടപടി സ്വീകരിക്കണമെന്ന് ബോർഡിന് നിർദ്ദേശം നൽകി 23.10.2013 - ന് ബഹു: കേരള ഹൈക്കോടതി പ്രസ്തുത ഹർജി തീർപ്പാക്കുകയുമുണ്ടായി.

ബഹു: കേരള ഹൈക്കോടതിയുടെ ഉത്തരവിലെ നിർദ്ദേശവും, ബോർഡിന്റെ ലീഗൽ അഡ്വൈസർ &ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ നിയമോപദേശവും, മാനവ വിഭവശേഷി നിർവഹണം, വിതരണ വിഭാഗം (ദക്ഷിണ മേഖല, മധ്യ മേഖല) ചീഫ് എഞ്ചിനീയർമാരുടെ അഭിപ്രായവും നിർദ്ദേശവും കൂടാതെ വൈദ്യുതി ബോർഡ് ലിമിറ്റഡിന് ബാധകമായിട്ടുള്ള ദി ഫാക്ടറീസ് ആക്ട്, 1948 - ഉം ഇതിനനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള കേരള ഫാക്ടറീസ് റൂൾസ്, 1957 - ന്റെ അധ്യായം VI (57) - ൽ നൈറ്റ് ഡ്യൂട്ടി/നൈറ്റ് ഡ്യൂട്ടി ഓഫ് എന്നിവയെ സംബന്ധിച്ച വ്യവസ്ഥകളും പരിഗണിച്ച് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് നൈറ്റ് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിന് പൊതുവായ മാനദണ്ഡം എന്ന നിലയിൽ നൈറ്റ് ഡ്യൂട്ടി അവസാനിച്ച സമയം മുതൽ തുടർച്ചയായ 24 മണിക്കൂർ സമയം വ്യവസ്ഥകൾക്ക് വിധേയമായി ഡ്യൂട്ടി ഓഫ് അനുവദിക്കേണ്ടതാണ് എന്ന് ബന്ധപ്പെട്ട എല്ലാ കാര്യാലയ മേധാവികൾക്കും മേലധികാരികൾക്കും നിർദ്ദേശം നൽകുന്നു. നൈറ്റ് ഡ്യൂട്ടിയുടെ തൊട്ടടുത്ത ദിനം പരിഗണിക്കേണ്ടതില്ലാത്തതാകുന്നു.

ബോർഡിന്റെ ആജ്ഞാനുസരണം
ഒപ്പ്
എം. ഷാഹുൽ ഹമീദ്
സെക്രട്ടറി (ഭരണം)

**പകർപ്പ് :-**
എല്ലാ ചീഫ് എഞ്ചിനീയർമാർ/ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ടി. എ ടു ഡയറക്ടർ (ഡി &ജി. ഇ)/ഡയറക്ടർ (റ്റി & എസ്. ഒ)/ ഡയറക്ടർ (ജി. സി).
പി. എ ടു ഡയറക്ടർ (ഫിനാൻസ്), സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ), റിക്കോർഡ് സെക്ഷൻ/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ

# ജീവനക്കാർക്കുവേണ്ടി ...

തിരുവനന്തപുരം
20-3-2014

സ്വീകർത്താവ്
ബഹുമാനപ്പെട്ട ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡ്, വൈദ്യുതി ഭവനം, തിരുവനന്തപുരം

സർ,

**വിഷയം : വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിൽ പൊതുമാനദണ്ഡം നിശ്ചയിക്കുന്നത് സംബന്ധിച്ച്.**

**സൂചന : 12-03-2014 തീയതിയിലെ പരിപത്രം നമ്പർ പി. എസ്. 1/നൈറ്റ് ഡ്യൂട്ടി ഓഫ് /2013**

സൂചനയിൽ പറഞ്ഞിരിക്കുന്ന പരിപത്രത്തിൽ നൈറ്റ് ഡ്യൂട്ടി ഓഫ് ചെയ്ത ജീവനക്കാരുടെ ഓഫ് സംബന്ധിച്ച വിശദീകരണത്തിൽ ഫാക്ടറീസ് ആക്ട് 1948 അനുസരിച്ച് നൈറ്റ് ഡ്യൂട്ടി ചെയ്യുന്നതില്ലെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വർക്ക്മെൻ വിഭാഗത്തിന് ബാധകമാക്കിയിട്ടുള്ള 1996 സ്റ്റാൻഡിംഗ് ഓർഡർ പാര 22 പ്രകാരം-

"The Board shall subject to the provisions of the factories 1948 or any other relevent law require any workmen to work over time and the workmen so required to work overtime shall do so except when for reason to the satisfaction of the controlling officer, of his inability to perform such overtime work and wages shall be paid for the overtime work performed in accordance with for terms of settlement for sward.

മേൽ ചട്ടപ്രകാരം രാവിലെ 8 മണിക്ക് ജോലിക്ക് കയറുന്ന തൊഴിലാളി അനുവദിക്കപ്പെട്ട ഡ്യൂട്ടി സമയം കഴിഞ്ഞിട്ട് നൈറ്റും കൂടി ചെയ്യുമ്പോൾ അയാൾ ഓവർടൈം വേജസിന് അർഹനാകുന്നു. എന്നാൽ മേൽ ചട്ടങ്ങൾക്ക് വിപരീതമായി ഇവിടെ ഓവർടൈം അലവൻസ് കൊടുക്കുന്നില്ല എന്നു മാത്രമല്ല അർഹതപ്പെട്ട നൈറ്റ് ഡ്യൂട്ടി ഓഫ് പോലും നിഷേധിക്കുന്ന തരത്തിലാണ് ബോർഡ് ഉത്തരവ് ഇറക്കിയിരിക്കുന്നത്. മേൽ ഉത്തരവ് തൊഴിൽ നിയമനങ്ങളുടെയും ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് ആക്ടിന് വിധേയായി ഇറക്കിയിട്ടുള്ള സ്റ്റാൻഡിംഗ് ഓർഡർ 1996 ന്റെയും ലംഘനമാണ്. നൈറ്റ് ഡ്യൂട്ടി ഓഫിന്റെ കാര്യം വരുമ്പോൾ ഫാക്ടറീസ് ആക്ടും ഡ്യൂട്ടിയുടെ കാര്യം വരുമ്പോൾ സർക്കാർ നിയമവും പരസ്പര വിരുദ്ധമായ തീരുമാനങ്ങളാണ് നടപ്പാക്കുന്നത്. ആയതിനാൽ ബോർഡ് മാനേജ്മെന്റ് ടി. പരിപത്രം പുനഃപരിശോധിച്ച് നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ഫീൽഡ് ജീവനക്കാർക്ക് പിറ്റേദിവസം അവധി ദിവസമാണെങ്കിൽ മറ്റൊരു ദിവസം ഡ്യൂട്ടി ഓഫ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ
ജനറൽ സെക്രട്ടറി

*പകർപ്പ്: ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ജനറേഷൻ), കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്*

---

'ഭരണഭാഷ – മാതൃഭാഷ'

## കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

ഫോൺ: 0471-2514492, 2514455
e-mail pokseb@gmail.com

പേഴ്സണൽ ഡിപ്പാർട്ട്മെന്റ്
വൈദ്യുതി ഭവനം, പട്ടം
തിരുവനന്തപുരം - 695004

നം.പി.എസ്. 1/നൈറ്റ് ഡ്യൂട്ടി ഓഫ് /2013 തീയതി: 27-03-2014

## പരിപത്രം

വിഷയം : വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിൽ പൊതുമാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള പരിഷ്കരിച്ച പരിപത്രം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം: 1. WP (C) 10434/2013 (D) നമ്പർ ഹർജിയിൽ ബഹു. ഹൈക്കോടതി 23-10-2013-ന് പുറപ്പെടുവിച്ച ഉത്തരവ്.
2. പി.എസ്. 1 / നൈറ്റ് ഡ്യൂട്ടി ഓഫ് / 2013/12-03-2014 നമ്പർ പരിപത്രം.
3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.റ്റി.യു) ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച നിവദനം.
4. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച നിവേദനം.
5. കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (ഐ.ഐ.റ്റി.യു.സി.) ബോർഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച നിവേദനം.
6. പി.സ്. 1/നൈറ്റ് ഡ്യൂട്ടി ഓഫ് / 2013 / 22-3-2014 നമ്പർ പരിപത്രം.

വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫാസുകളിൽ അവധി ദിനത്തിന്റെ തലേദിവസം നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിൽ അവ്യക്തത ഉള്ളതായി ബോർഡിന്റെ ശ്രദ്ധയിൽ പെട്ടിരുന്നു. കൂടാതെ വൈദ്യുതി ബോർഡിന്റെ കാര്യാലയങ്ങളിൽ നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് കോമ്പൻസേറ്ററി ഓഫും ബോർഡ് അനുവദിക്കുന്നില്ല എന്ന് ആരോപിച്ച് കേരള ഇലക്ട്രിസിറ്റി എക്സിക്യൂട്ടീവ് സ്റ്റാഫ് ഓർഗനൈസേഷൻ (KEESO) എന്ന തൊഴിലാളി സംഘടന ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP (C) No. 10434/2013 ആയി ഹർജി ഫയൽ ചെയ്യുകയും അതിലെ ആരോപണങ്ങളിൽ മേൽ നിയമാനുസൃതമായ നടപടി സ്വീകരിക്കണമെന്ന് ബോർഡിന് നിർദ്ദേശം നൽകിക്കൊണ്ട് മേൽ പരാമർശം (1) പ്രകാരം ബഹു. ഹൈക്കടതി പ്രസ്തുത ഹർജി തീർപ്പാക്കുകയും ചെയ്യുകയുണ്ടായി. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിലെ നിർദ്ദേശത്തിന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ബാധമായ ദി ഫാക്ടറീസ് ആക്ട് 1948, ഇതിനു വിധേയമായ കേരള ഫാക്ടറീസ് റൂൾസ്, 1957 എന്നിവയിലെ നൈറ്റ് ഡ്യൂട്ടിയെയും നൈറ്റ് ഡ്യൂട്ടി ഓഫിനെയും സംബന്ധിച്ച വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ, നൈറ്റ് ഡ്യൂട്ടി ഓഫ് അനുവദിക്കുന്നതിന് പൊതുവായ മാനദണ്ഡംഎന്ന നിലയിൽ നൈറ്റ് ഡ്യൂട്ടിയുടെ തൊട്ടടുത്ത ദിനം പ്രവൃത്തി ദിവസമാണോ അവധിയാണോ എന്നത് പരിഗണിക്കാതെ, നൈറ്റ് ഡ്യൂട്ടി അവസാനിച്ച സമയം മുതൽ തുടർച്ചയായ 24 മണിക്കൂർ സമയം വ്യവസ്ഥകൾക്ക് വിധേയമായി ഡ്യൂട്ടി ഓഫ് അനുവദിക്കേണ്ടതാണ് എന്ന് ബന്ധപ്പെട്ട എല്ലാ കാര്യാലയ മേധാവികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് മേൽ പരാമർശം (2) പ്രകാരം ബോർഡ് ഒരു പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത പരിപത്രം സംബന്ധിച്ച് തൊഴിലാളി സംഘടനകളിൽ നിന്നും ലഭിച്ച മേൽ പരാമർശങ്ങൾ (3), (4) & (5) നിവേദനങ്ങളും വിതരണ, ഉത്പാദന (ഇലക്ട്രിക്കൽ) വിഭാഗം ഡയറക്ടറുടെ അഭിപ്രായവും നിർദ്ദേശവും പരിഗണിച്ച് ടി പരിപത്രം തല്ക്കാലത്തേയ്ക്ക് മരവിപ്പിക്കുവാനും പൊതുമാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള പരിഷ്കരിച്ച പരിപത്രം ഏതു രീതിയിൽ പുറപ്പെടുവിക്കണമെന്ന് മാനേജിംഗ് ഡയറക്ടർ നൽകിയ ഉത്തരവ് അനുസരിച്ച് മേൽ പരിപത്രം തല്ക്കാലത്തേയ്ക്ക് മരവിപ്പിച്ചതായി ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്കും മേലധികാരികൾക്കും അറിയിപ്പ് നൽകിക്കൊണ്ട് പരാമർശം (5) പ്രകാരം മറ്റൊരു പരിപത്രം ബോർഡ് പുറപ്പെടുവിക്കുകയുണ്ടായി.

തുടർന്ന് 24-03-2014 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം മേൽവിഷയം സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനപ്രകാരം, വൈദ്യുതി ബോർഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ അവധി ദിനത്തിന്റെ തലേദിവസം നൈറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് നൽകേണ്ട നൈറ്റ് ഡ്യൂട്ടി ഓഫ് ഒരു പൊതുമാനദണ്ഡം എന്ന നിലയിൽ, നൈറ്റ് ഡ്യൂട്ടി അവസാനിച്ച സമയം മുതൽ തുടർച്ചയായ 24 മണിക്കൂർ സമയം, വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കേണ്ടതാണ് എന്ന് ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും നിർദ്ദേശം നൽകുന്നു. എന്നാൽ നൈറ്റ് ഡ്യൂട്ടിക്ക് ശേഷമുള്ള 24 മണിക്കൂർ ഉൾക്കൊള്ളുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിദിനമാണെങ്കിൽ, ഓഫീസിന്റെ സുഗമമായ പ്രവർത്തനവും ജീവനക്കാരുടെ ലഭ്യതയും അധികാര പരിധിയിലുള്ള പ്രദേശത്തിലെ വൈദ്യുതി തകരാറുകൾ / അപകടങ്ങൾ തുടങ്ങിയവ സമയബന്ധിതമായി പരിഹരിക്കേണ്ട ആവശ്യകതയും ഉറപ്പുവരുത്തി, നൈറ്റ് ഡ്യൂട്ടിയ്ക്ക് ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള അധികാരം നിക്ഷിപ്തമായ കാര്യാലയ മേധാവികളുടെ വിവേചനാധികാരം ഉപയോഗിച്ച, പ്രസ്തുത അവധിദിനത്തിന്റെ തൊട്ടടുത്ത ഏഴ് ദിവസങ്ങൾക്കുള്ളിൽ വരുന്ന ഏതെങ്കിലും പ്രവൃത്തി ദിനത്തിൽ തന്നെ ടി നൈറ്റ് ഡ്യൂട്ടി ഓഫ് അനുവദിക്കേണ്ടതാണ് എന്നും നിർദ്ദേശം നൽകിക്കൊള്ളുന്നു.

ബോർഡിന്റെ ആജ്ഞാനുസരണം
എം, ഷാഹുൽ ഹമീദ്
(സെക്രട്ടറി, ഭരണം)

**പകർപ്പ് :-**
എല്ലാ ചീഫ് എഞ്ചിനീയർമാർ/ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ടി. എ ടു ഡയറക്ടർ (ഡി &ജി. ഇ)/ഡയറക്ടർ (റ്റി & എസ്. ഒ)/ ഡയറക്ടർ (ജി. സി).
പി. എ ടു ഡയറക്ടർ (ഫിനാൻസ്), സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ), റിക്കോർഡ് സെക്ഷൻ/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ

തിരുവനന്തപുരം
25-01-2014

To

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം, തിരുവനന്തപുരം

സർ,

**വിഷയം: ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രമോഷൻ നൽകുന്നത് സംബന്ധിച്ച്**
**സൂചന : സ.ഉ(പി)നം.1/2014/ഉഭപവ തിരുവനന്തപുരം 3.1.2014**

സൂചന (1) ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രമോഷൻ യോഗ്യതാ പരീക്ഷയില്ലാതെ കൊടുക്കുവാൻ ഗവൺമെന്റ് ഉത്തരവിട്ടിരിക്കുകയാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ OA, വർക്കർ, ലൈൻമാൻ തുടങ്ങിയ തസ്തികയിലുള്ളവർക്ക് നിലവിലുള്ള നിയമപ്രകാരം 20% പ്രമോഷൻ ക്വാട്ടയുണ്ടെങ്കിലും അതിന് PSC യുടെ യോഗ്യതാ പരീക്ഷ പാസ്സാകണം. PSC യുടെ കഴിഞ്ഞ ടെസ്റ്റിൽ പാസ്സായവരുടെ എണ്ണം കുറവായതുകൊണ്ട് നിലവിലുള്ള ക്വാട്ടയിൽ വളരെയധികം ഒഴിവുകൾ നിലവിലുണ്ട്. സ്പോർട്ട്സ് ക്വാട്ടയിലുള്ളവർക്ക് എലിജിബിലിറ്റി ടെസ്റ്റില്ലാതെയാണ് ബോർഡിൽ പ്രമോഷൻ കൊടുക്കുന്നത്. ആയതിനാൽ ഭരണഘടന പ്രകാരമുള്ള തുല്യതാവകാശം പരിഗണിച്ചും സൂചനയിൽ പറഞ്ഞിട്ടുള്ള ഗവൺമെന്റ് ഓർഡർ അനുസരിച്ചും യോഗ്യതാ പരീക്ഷ നടത്താതെ സീനിയോരിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ പ്രമോഷൻ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

---

തിരുവനന്തപുരം
25-01-2014

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം, തിരുവനന്തപുരം

സർ,

വൈദ്യുതി ബോർഡിൽ ഡിവിഷണൽ അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് ജീവനക്കാർക്കും പി.എസ്.സി വഴിയുള്ള ഉദ്യോഗാർത്ഥികൾക്കും വ്യത്യസ്ത പരീക്ഷകളാണ് നടത്തുന്നത്. പത്ത് വർഷക്കാലത്തോളം നീണ്ടു നിൽക്കാവുന്ന പ്രിലിമിനറി, ഫൈനൽ എന്നീ എട്ട് പരീക്ഷകളും വാചാ പരീക്ഷയും പ്രായോഗിക പരിശീലനവും ജീവനക്കാർക്കായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇതുമൂലമാണ് കഴിഞ്ഞ 20 വർഷത്തോളമായി ഈ വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ള 33 ഒഴിവുകൾ നികത്താൻ സാധിക്കാതിരുന്നത്. വിവിധ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടണ്. നേരിട്ടുള്ള നിയമനക്കാർക്ക് ഇളവുകൾ നൽകണമെന്നിരിക്കെ ഇത്രയും പ്രയാസകരമായ പരീക്ഷാരീതി ഏർപ്പെടുത്തിയിട്ടുള്ളത് യുക്തിക്ക് നിരക്കാത്ത കാര്യമാണ്.

ആയതിനാൽ നേരിട്ടുള്ള നിയമനക്കാർക്ക് നടത്തുന്ന പരീക്ഷാരീതി തന്നെ തസ്തികമാറ്റം വഴി നിയമിക്കപ്പെടുന്ന ബോർഡ് ജീവനക്കാർക്കും നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡിവിഷണൽ അക്കൗണ്ടന്റുമാരെ നിയമിക്കുന്നത് 1:1:1 എന്ന പ്രകാരം താഴെ പറയും വിധമാണ്.

1. തസ്തികമാറ്റം വഴി : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യോഗ്യതാ പരീക്ഷ പാസ്സാകുന്ന ബോർഡ് ജീവനക്കാരെ തസ്തികമാറ്റം വഴി നിയമിക്കുന്നു.
2. പ്രമോഷൻ വഴി: 10 വർഷം സർവ്വീസും അക്കൗണ്ട് ടെസ്റ്റ് (ഹയർ) യോഗ്യതയുള്ള സീനിയർ അസിസ്റ്റന്റുമാരെ പ്രമോഷൻ വഴി നിയമിക്കുന്നു.
3. നേരിട്ടുള്ള നിയമനം വഴി: നിശ്ചിത യോഗ്യതയുള്ളവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരം നിയമിക്കുന്നു.

പബ്ലിക് വർക്സ് അക്കൗണ്ട് കോഡ് വിഭാവനം ചെയ്യുന്ന വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി ഡിവിഷണൽ അക്കൗണ്ടന്റ് തസ്തിക ഉണ്ടാക്കണമെന്നും ആയതിലേക്ക് എപ്രകാരം നിയമനം നടത്തണമെന്നും ഇതിൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ, ബി.എസ്.എൻ.എൽ ഉൾപ്പടെയുള്ള കേന്ദ്രസർക്കാർ കമ്പനികൾ, സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി ഉൾപ്പടെയുള്ള സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ മുതലായ സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിലെല്ലാം നിയമം അനുശാസിക്കുന്ന പ്രകാരം നിയമന രീതി തുടരുകയും പി.എസ്.സി വഴി നടത്തുന്ന നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും ഒരേ പരീക്ഷ തന്നെ നടത്തി വരികയും ചെയ്യുന്നു.

നിലവിൽ ബോർഡിലെ ഇതര തസ്തികകളിലേക്ക് (ഓവർസിയറിൽ നിന്നും സബ് എഞ്ചിനീയറിലേക്ക് 10%, സബ് എഞ്ചിനീയറിൽ നിന്നും AE ലേക്ക് 10%) നേരിട്ടുള്ള നിയമനക്കാർക്കും സർവ്വീസിലുള്ളവർക്കും ഒരേ തരത്തിലുള്ള പരീക്ഷയാണ് പി.എസ്.സി നടത്തുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ തസ്തികമാറ്റം വഴി അപേക്ഷിക്കുന്നതിനുള്ള പ്രയപരിധി 50 വയസ്സായി ഉയർത്തിയതുപോലെ തസ്തിക മാറ്റം വഴി ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേക്കും അപേക്ഷിക്കുന്നതിനുള്ള പ്രയപരിധി 50 വയസ്സായി ഉയർത്തേണ്ടതുണ്ട്.

ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ പ്രമോഷനെ സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (HRM) ബോർഡ് സെക്രട്ടറിയ്ക്ക് കുറിപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത കുറിപ്പിനെ ബോർഡിൽനിന്നും അതിൻമേലുള്ള മറ്റൊരു കുറിപ്പിനായി FA ക്ക് വിട്ട് തെറ്റായ പ്രവണത സ്വീകരിച്ചിരിക്കുകയാണ്. ആയതിനാൽ ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്ക് ഒരേ കാര്യത്തിൽ തുല്യത അവകാശം നിഷേധിക്കുന്നത് ശരിയല്ല. ഇത് ഭരണഘടന ആർട്ടിക്കിൾ 14 ന് എതിരുമായതിനാൽ പി.എസ്.സി വഴിയുള്ള ഉദ്യോഗാർത്ഥികൾക്ക് വേണ്ടി നടത്തുന്ന അതേ ടെസ്റ്റ് തന്നെ ബൈ ട്രാൻസ്ഫർ പ്രമോഷനും ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

---

തിരുവനന്തപുരം
07-03-2014

To

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം, തിരുവനന്തപുരം

സർ,

**വിഷയം: വിവിധ ജില്ലകളിൽ വർക്കർ നിയമനം സംബന്ധിച്ച് സൂചന :**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ വിവിധ ജില്ലകളിൽ 792 വർക്കർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വിധി പ്രകാരം 1061 ഒഴിവുകൾ മാറ്റി വയ്ക്കണമെന്ന ന്യായം പറഞ്ഞ് നിയമനം നടത്താതിരിക്കുകയാണ്. പ്രസ്തുത വിധി വന്നിട്ട് വർഷങ്ങളായി. 2011 ൽ പുതിയ വർക്കർമാരെ നിയമിച്ചപ്പോഴും ഈ വിധി നിലവിലുണ്ടായിരുന്നു. എന്നാൽ നിയമനം നടത്തിയില്ലായെങ്കിൽ ബോർഡിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ നിയമനം നടത്തുകയായിരുന്നു. കോൺട്രാക്റ്റ് വർക്കർമാരുടെ നിയമനം വർഷങ്ങളായി അനിശ്ചിതത്വത്തിൽ തുടരുന്ന കാര്യമായതിനാൽ നിലവിലുള്ള ഒഴിവുകൾ ഒഴിച്ചിടുന്നത് പ്രവർത്തനങ്ങളെ ബാധിക്കും.

നിലവിൽ പുതിയ 16 സെക്ഷനുകൾ തീരുമാനമായിട്ടുണ്ട്. 16 സെക്ഷനുകളിൽ (16X6+16X12+16X6+16X3=432) 432 ഒഴിവുകൾ വരും. കൂടാതെ ലൈൻമാനിൽ നിന്നും ഓവർസിയറിലേക്ക് 325 പ്രമോഷൻ നടക്കുമ്പോൾ ഒഴിവുകൾ ഉണ്ടാകുന്നു. അങ്ങനെ ആകെ 432+325= 757 ഒഴിവുകൾ ഉണ്ടാകുന്നു. നിലവിൽ കോൺട്രാക്ട് വർക്കറുടെ ലിസ്റ്റിൽ ഉദ്ദേശം 750 നടുത്ത് പേർക്ക് മാത്രമേ നിയമനം ലഭിക്കാൻ അർഹതയുള്ളു. പുതിയ സെക്ഷനുകളിലെ ഒഴിവുകൾക്ക് അനുവാദം നൽകി കോൺട്രാക്ട് വർക്കറുടെ നിയമനപ്രശ്നം പരിഹരിക്കാൻ സാധിക്കും.

ആയതിനാൽ വിവിധ ജില്ലകളിൽ നിലവിലുള്ള ഒഴിവുകൾ ഉടൻ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി



തിരുവനന്തപുരം പട്ടം വൈദ്യുതി ഭവനിൽ നടന്ന അഖിലേന്ത്യാ ഇന്റർ ഇലക്ട്രിസിറ്റി ബാസ്കറ്റ് ബോൾ ടൂർണമെന്റിന്റെ ഉദ്ഘാടന ചടങ്ങിൽ ടീമംഗങ്ങളുടെ സല്യൂട്ട് മന്ത്രി ആര്യാടൻ മുഹമ്മദ് സ്വീകരിക്കുന്നു



കെ.പി. ധനപാലന് തെരഞ്ഞെടുപ്പിൽ കെട്ടിവയ്ക്കാനുള്ള തുക കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) തൃശൂർ ജില്ലാ കമ്മിറ്റിക്ക് വേണ്ടി സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ശ്രീ. ഷാജി നൽകുന്നു.




വനിതാവേദിയുടെ വാർഷികദിനത്തിൽ തിരുവനന്തപുരം വൈദ്യുതിഭവനിൽ നടന്ന ചടങ്ങിൽ 'തൊഴിൽമേഖലയിൽ സ്ത്രീകൾ സുരക്ഷിതരോ' എന്ന വിഷയത്തെ സംബന്ധിച്ച് ADGP ബി. സന്ധ്യ IPS പ്രഭാഷണം നടത്തുന്നു.